LIBRARY ARCHIVES Kerala Legislative Assembly

കേരള നിയമസഭാ നടപടികൾ

പതിനൊന്നാം കേരള നിയമസഭ

ആറാം സമ്മേളനം

2003 ജൂലായ് 9, ബുധൻ

വാല്യം : 119] ഔദ്യോഗിക റിപ്പോർട്ട് [നമ്പർ 16

നിയമസഭ 2003 ജൂലായ് മാസം 9-ാം തീയതി ബുധനാഴ്ച രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. വക്കം പുരുഷോത്തമന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

I ചോദ്യോത്തരങ്ങൾ

(ഈ സമ്മേളനത്തിലേക്ക് അനുവദിക്കപ്പെട്ട ചോദ്യങ്ങളുടെ പട്ടികയിലെ നമ്പർ ബ്രാക്കറ്റിൽ കാണിച്ചിരിക്കുന്നു.)

മി. സ്പീക്കർ : ഓർഡർ, ഓർഡർ, ചോദ്യം നമ്പർ 433

1. വാങ്മൂലം നൽകിയ ഉത്തരങ്ങൾ

തമിഴ്നാടിന് സൗജന്യമായി നൽകുന്ന ജലം

1 (*433) ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. വി. ഡി. സതീശൻ :
ശ്രീ. ടി. എച്ച്. മുസ്തഫ :
ശ്രീ. റ്റി. എൻ. പ്രതാപൻ :
ശ്രീ. എം. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ഏതെല്ലാം അണക്കെട്ടുകളിൽ നിന്നും നീരൊഴുക്കുകളിൽ നിന്നും തമിഴ്നാടിന് ജലം നൽകുന്നുണ്ട് ;

(ബി) ഇതിൽ സൗജന്യമായി നൽകുന്നത് ഏതെല്ലാം അണക്കെട്ടുകളിൽ നിന്നും നീരൊഴുക്കുകളിൽ നിന്നുമാണ് ;

(സി) ഈ അണക്കെട്ടുകളിൽനിന്നും നീരൊഴുക്കുകളിൽനിന്നും എത്ര അളവ് വെള്ളം വീതം സൗജന്യമായി നൽകുന്നു ;

(ഡി) തമിഴ്നാടിന് ജലം സൗജന്യമായി നൽകാനുള്ള കാരണമെന്താണ് ;

(ഇ) ഈ വെള്ളത്തിന് വില വാങ്ങുവാൻ എന്തെല്ലാം നടപടികളെടുത്തിട്ടുണ്ട് ?

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. ടി. എം. ജേക്കബ്) : സർ,

(എ) മുല്ലപ്പെരിയാർ അണക്കെട്ട് പറമ്പിക്കുളം അലിയാർ പദ്ധതിയിൽ ഉൾപ്പെടുന്ന വിവിധ അണക്കെട്ടുകൾ, (ലോവർ നീരാർ, തമിഴ്നാട് ഷോളയാർ, കേരള ഷോളയാർ, പറമ്പിക്കുളം, തുണക്കടവ്, പെരുവാരിപ്പള്ളം, ആലിയാർ, തിരുമൂർത്തി, അപ്പർ അലിയാർ) ശിരുവാണി അണക്കെട്ട്, നെയ്യാർ അണക്കെട്ട് എന്നീ അണക്കെട്ടുകളിൽനിന്നും കേരളം തമിഴ്നാടിന് ജലം നൽകുന്നുണ്ട്.

(ബി) കേരളത്തിലെ അണക്കെട്ടുകളിൽ നിന്നും തമിഴ്നാടിന് ജലം നൽകുന്നത് സൗജന്യമായിട്ടാണ്.

(സി) മുല്ലപ്പെരിയാർ അണക്കെട്ടിലെ 155 അടി പൊക്കം വരെ കോണ്ടൂർ ലൈനിൽ ചുറ്റപ്പെട്ട പ്രദേശത്തേക്കോ അതിലൂടെയോ അതിൽനിന്നോ ഒഴുകുന്ന ജലം മുഴുവൻ തമിഴ്നാടിന് സൗജന്യമായി നൽകിയിരിക്കുകയാണ്. ഏകദേശം 22 ടി.എം.സി. അടി ജലം ഇപ്രകാരം തമിഴ്നാട് വർഷംതോറും സൗജന്യമായി കൊണ്ടുപോകുന്നുണ്ട്. പറമ്പിക്കുളം അലിയാർ പദ്ധതികളിൽനിന്നും 25.55 ടി.എം.സി. അടി ജലം സൗജന്യമായി വർഷംതോറും തമിഴ്നാട് കൊണ്ടുപോകുന്നുണ്ട്. (കരാർപ്രകാരം 30.5 ടി.എം.സി. അടി ജലമാണ് തമിഴ്നാടിന് കൊണ്ടുപോകാവുന്നത്.) ശിരുവാണി അണക്കെട്ടിൽനിന്നും 1.3 ടി.എം.സി. അടിവരെ ജലം സൗജന്യമായി വർഷംതോറും തമിഴ്നാടിനു നൽകുന്നുണ്ട്. നെയ്യാറിൽ നിന്നും ഏകദേശം 0.642 ടി.എം.സി. അടി ജലം സൗജന്യമായി വർഷംതോറും തമിഴ്നാടിന് നൽകുന്നുണ്ട്.

(ഡി) 1886-ലെ പെരിയാർ പാട്ടക്കരാർ അനുസരിച്ചാണ് തമിഴ്നാടിന് മുല്ലപ്പെരിയാറിൽ നിന്നും സൗജന്യമായി ജലം നൽകുന്നത്. 1970-ലെ പറമ്പിക്കുളം അലിയാർ പദ്ധതിക്കരാർ പ്രകാരമാണ് പറമ്പിക്കുളം അലിയാർ പദ്ധതിയിൽനിന്നും തമിഴ്നാടിനു ജലം നൽകുന്നത്.

1973-ലെ ശിരുവാണി കുടിവെള്ള പദ്ധതിക്കരാർ പ്രകാരമാണ് ശിരുവാണിയിൽ നിന്നും തമിഴ്നാടിനു സൗജന്യമായി ജലം നൽകുന്നത്. 1951-ൽ നിർമ്മാണം ആരംഭിച്ച നെയ്യാർ പ്രോജക്ടിന്റെ ചില ഭാഗങ്ങൾ കന്യാകുമാരി ജില്ലയിലെ വിളവംകോട് താലൂക്കിലുൾപ്പെടുകയും പ്രസ്തുത ഭാഗം 1956-ലെ സംസ്ഥാന പുനഃസംഘടനയ്ക്കുശേഷം തമിഴ്നാടിന്റെ അധീനതയിൽ വന്നുചേരുകയും ചെയ്തു. പ്രസ്തുത ഭാഗത്തിന്റെ കൃഷി ആവശ്യത്തിനായി നെയ്യാർ പ്രോജക്ടിൽനിന്നും തമിഴ്നാടിന് സൗജന്യമായി ജലം നൽകിവരുന്നു.

(ഇ) കരാർ പ്രകാരം തമിഴ്നാടിന് നൽകുന്ന ജലത്തിനു വില ഈടാക്കാൻ നടപടികളൊന്നും സംസ്ഥാന സർക്കാർ സ്വീകരിച്ചിട്ടില്ല. എന്നാൽ കരാറിലില്ലാതെ നെയ്യാറിൽ നിന്നും തമിഴ്നാടിനു നൽകുന്ന ജലത്തിന് വില ഈടാക്കാൻ സംസ്ഥാന സർക്കാർ ആലോചിച്ചുവരുന്നു.

ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ : സർ, ഈ കരാറുകളൊക്കെത്തന്നെ വളരെ വർഷങ്ങൾക്കുമുമ്പ് നടന്നതായതുകൊണ്ട് അവയെ പുനഃപരിശോധന ചെയ്യുന്നതിനോ അവയിൽ ഭേദഗതികൾ വരുത്തുന്നതിനോ വേണ്ട എന്തെങ്കിലും നടപടി സർക്കാർ കൈക്കൊണ്ടിട്ടുണ്ടോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ടി. എം. ജേക്കബ് : സർ, ഈ കരാറുകളെല്ലാം ശാശ്വതമായിട്ടുള്ളതാണ്. മുല്ലപ്പെരിയാർ കരാർ 999 വർഷത്തേക്കാണ്. പറമ്പിക്കുളം അലിയാർ കരാർ 1970-ൽ ഒപ്പുവച്ചതാണ്. 58-ന്റെ പൂർവ്വകാല പ്രാബല്യത്തോടുകൂടി 30 വർഷക്കാലത്തിലൊരിക്കൽ അത് റിവ്യൂ ചെയ്യാനുള്ള പ്രൊവിഷൻ അതിലുണ്ട്. അതുകൊണ്ട് എഗ്രിമെന്റെല്ലാം പെർമനന്റാണ്. അവ ഏകപക്ഷീയമായി റദ്ദാക്കാൻ സാധ്യമല്ലെന്നാണ് എനിക്കു കിട്ടിയിരിക്കുന്ന നിയമോപദേശം.

ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ : സർ, ഈ കരാർ പ്രകാരം 30.5 ടി.എം.സി. ജലമാണ് കൊണ്ടുപോകാൻ അവർക്കധികാരമെങ്കിലും നമ്മുടെ മോണിറ്റർ ശരിയല്ലാത്തതുകൊണ്ടും അളവ് കൃത്യമായി നിയന്ത്രിക്കാനുള്ള നമ്മുടെ സംവിധാനം കുറ്റമറ്റ രീതിയിൽ പ്രവർത്തിക്കാത്തതുകൊണ്ടും കാര്യക്ഷമത ഇല്ലാത്തതുകൊണ്ടും ഇതിനേക്കാൾ വളരെയേറെ ജലം വർഷംതോറും അവർ എടുക്കുന്നു. ആ കാര്യം സർക്കാറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ? കൃത്യമായ ആ പരിധി വിട്ട് എന്തെങ്കിലും ചെയ്യുന്നതിനെ നിയന്ത്രിക്കാനുള്ള ശക്തമായ പരിപാടികൾ കൈക്കൊള്ളാൻ ഗവൺമെന്റ് തയ്യാറുണ്ടോ ?

ശ്രീ. ടി. എം. ജേക്കബ് : സർ, ആ അഭിപ്രായം ശരിയല്ല. നമുക്കൊരു മോണിറ്ററിംഗ് സംവിധാനമുണ്ട്, ജോയിന്റ് വാട്ടർ റെഗുലേഷൻ ബോർഡുണ്ട്. അവിടെ അസ്സസ്മെന്റ് നടക്കുന്നുണ്ട്. പക്ഷേ തമിഴ്നാട് പലപ്പോഴും അനധികൃതമായി പല കാര്യങ്ങളും ചെയ്യുന്നുണ്ടെന്നുള്ളത് ഒരു വസ്തുതയാണ്. അത് നിയമസഭാ കമ്മിറ്റികൾ കണ്ടെത്തിയിട്ടുള്ളതും മറ്റു മാർഗ്ഗങ്ങളിൽ ഗവൺമെന്റിന് റിപ്പോർട്ട് ലഭിച്ചിട്ടുള്ളതുമാണ്. അങ്ങനെ വന്നിരിക്കുന്ന വയലേഷൻസെല്ലാം തമിഴ്നാട് ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. പക്ഷേ, തമിഴ്നാട് അതിനെപ്പറ്റി പോസിറ്റീവായിട്ടല്ല റെസ്പോണ്ട് ചെയ്തിരിക്കുന്നത്.

ശ്രീ. വി. ഡി. സതീശൻ : സർ, ബഹുമാനപ്പെട്ട മന്ത്രി ഇവിടെ ഉത്തരം പറഞ്ഞപ്പോൾ ദീർഘകാലമായി നിൽക്കുന്ന കരാറുകൾ ഏകപക്ഷീയമായി റദ്ദാക്കാനുള്ള പ്രൊവിഷനൊന്നും ഇതിൽ ഇല്ലെന്നു പറഞ്ഞു. പക്ഷേ, ഇത്തരം കരാറുകൾ റദ്ദാക്കാത്തതുകാരണം വിവിധ നദികളിൽനിന്നും തമിഴ്നാട്ടിലേക്ക് നമ്മൾ ജലം കൊടുത്തുകൊണ്ടിരിക്കുകയാണ്. പകരം ജലമൊന്നു കിട്ടാതെ ഏകപക്ഷീയമായി കരാറുകൾ റിവോക്ക് ചെയ്യുന്നതിനുവേണ്ടി ഉന്നത നീതിപീഠങ്ങളെ സമീപിക്കുന്നതിനുള്ള എന്തെങ്കിലും ആലോചന ഗവൺമെന്റിന്റെ മുമ്പിലുണ്ടോ ?

ശ്രീ. ടി. എം. ജേക്കബ് : സർ, മറ്റൊന്നുള്ളത് കാവേരി നദീജല തർക്കമാണ്. കാവേരി നദീജല തർക്കത്തിൽ കേരള സംസ്ഥാനം ഒരു കക്ഷിയാണ്. ആ വിഷയം ഒരു ട്രൈബ്യൂണലിനു മുമ്പാകെയിരിക്കുകയാണ്. ആ ട്രൈബ്യൂണലിന്റെ വിധി അടുത്തൊരു ആറേഴു മാസത്തിനുള്ളിൽ വരുമെന്നാണ് പ്രതീക്ഷിക്കുന്നത്. ആ വിധി വന്നതിനുശേഷം മറ്റെന്തെങ്കിലും നടപടികളെക്കുറിച്ച് ആലോചിക്കാം. മുല്ലപ്പെരിയാർ ഡാമിന്റെ ജലവിതാനം ഉയർത്തുന്നതു സംബന്ധിച്ച് തമിഴ്നാട് ചില ആവശ്യങ്ങൾ ഉന്നയിച്ചു. അതിന്മേൽ കേരള ഗവൺമെന്റ് ചില നടപടികൾ സ്വീകരിച്ചു. കേരളത്തിന്റെ അഭിപ്രായം 136 അടി ലെവലിൽ നിന്നും ഉയർത്താൻ

സാധ്യമല്ല എന്നുള്ളതാണ്. അവർ അത് ഉയർത്തിക്കിട്ടണമെന്നുള്ള ആവശ്യം ഉന്നയിച്ചിട്ടുണ്ട്. അതിപ്പോൾ സുപ്രീംകോടതിയുടെ പരിഗണനയിലാണ്. നമ്മൾ സമീപിക്കേണ്ട നീതിപീഠങ്ങളെ സമീപിക്കുകയും ശക്തമായ നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.

ശ്രീ. വി. ഡി. സതീശൻ : സർ, തമിഴ്നാടും കർണാടകയും തമ്മിൽ ഇതിനുമുമ്പുണ്ടായിരുന്ന കരാറുകൾ റദ്ദാക്കുന്നതിനുവേണ്ടിയും അവരുടെ ന്യായമായ ആവശ്യം ഉയർത്തിപ്പിടിക്കുന്നതിനുവേണ്ടിയും ഈ രണ്ടു സംസ്ഥാനങ്ങളും ട്രൈബ്യൂണലിലും അതുപോലെ സുപ്രീംകോടതിയിലും കേസുകൾ കൊടുത്ത്. അവരുടേതായ ആവശ്യങ്ങൾ ദേശീയ തലത്തിൽ lime light-ൽ കൊണ്ടുവന്നിരിക്കുകയാണ്. ട്രൈബ്യൂണലിലും സുപ്രീംകോടതിയിലും ഇതിനുമുമ്പുള്ള പല കാലങ്ങളിലും കേരളത്തിന്റെ ഗൗരവതരമായ കേസുകൾ പ്രസന്റുചെയ്യാൻ കഴിഞ്ഞിട്ടില്ല എന്നുള്ള ഒരാക്ഷേപമുണ്ട്. ഇപ്പോൾ നിലവിൽ ട്രൈബ്യൂണലിലും സുപ്രീംകോടതിയിലുമുള്ള ഇത്തരം കേസുകൾ ഗൗരവതരമായി കൈകാര്യം ചെയ്യുന്നതിനുവേണ്ടിയുള്ള പ്രത്യേകമായ എന്തെങ്കിലും സംവിധാനം സർക്കാർ ഏർപ്പെടുത്തിയിട്ടുണ്ടോ ?

ശ്രീ. ടി. എം. ജേക്കബ് : സർ, ഡൽഹിയിൽ ഒരു സൂപ്രണ്ടിംഗ് എഞ്ചിനീയറുടെ നേതൃത്വത്തിൽ കാവേരി സെൽ പ്രവർത്തിക്കുന്നുണ്ട്. കഴിഞ്ഞ യു.ഡി.എഫ്. ഗവൺമെന്റിന്റെ ഭരണകാലത്താണ് ആ സെൽ നിലവിൽ വന്നത്. അതിനുമുമ്പ് കേസ് നടത്തിപ്പിനെ സംബന്ധിച്ചിടത്തോളം നമുക്ക് ശുഷ്കമായ ഒരു സംവിധാനമാണ് ഡൽഹിയിലുണ്ടായിരുന്നത്. ഇപ്പോൾ അതിനുവേണ്ടി ഒരു മോണിറ്ററിംഗ് സംവിധാനവും ഉണ്ടാക്കിയിട്ടുണ്ട്. നമ്മുടെ കേസ് നല്ല നിലയിൽ കാവേരി ട്രൈബ്യൂണലിനു മുമ്പാകെ നടത്താൻ കഴിയുന്നുണ്ട് ; ഭംഗിയായിത്തന്നെ നടത്തുകയും ചെയ്യുന്നുണ്ട്. ഏറ്റവും സീനിയറായിട്ടുള്ള അഭിഭാഷകരെ അക്കാര്യത്തിൽ എൻഗേജ് ചെയ്തിട്ടുണ്ട്. മുല്ലപ്പെരിയാറിനെ സംബന്ധിച്ചുള്ള കേസ് സുപ്രീംകോടതിയിൽ സീനിയർ ലായേഴ്സിനെ വച്ചുതന്നെയാണ് കൈകാര്യം ചെയ്യുന്നത്. ഇപ്പോൾത്തന്നെ ഏറ്റവും അവസാനമായി മുക്കാലി തടയണയെ സംബന്ധിച്ച് ട്രൈബ്യൂണലിന്റെ വിധി വന്നതിനുശേഷം അത് സുപ്രീംകോടതിയിൽ ഒരു എസ്.എൽ.പി.യായി ചോദ്യം ചെയ്യാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. അതിനും ഒരു സീനിയർ അഭിഭാഷകനെയാണ് ഗവൺമെന്റ് എൻഗേജ് ചെയ്തിരിക്കുന്നത്. ആ വിധത്തിൽ ഗവൺമെന്റ് വളരെ ഗൗരവത്തോടുകൂടിത്തന്നെ ഈ വിഷയങ്ങൾ കൈകാര്യം ചെയ്യുന്നുണ്ട്.

ശ്രീ. ടി. എൻ. പ്രതാപൻ : സർ, National water Policy-യിൽ Inter linking of rivers-നെക്കുറിച്ച് പ്രതിപാദിച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ കേരളത്തിന്റെ സമീപനമെന്താണ് ?

ശ്രീ. ടി. എം. ജേക്കബ് : സർ, ദേശീയ നയത്തിൽ Inter linking of rivers-നെ സംബന്ധിച്ച് പ്രത്യേകിച്ച് അങ്ങനെയൊന്നും പ്രതിപാദിക്കുന്നില്ല. എങ്കിലും Inter linking of rivers കേന്ദ്ര ഗവൺമെന്റിന്റെ ഒരു പ്രോഗ്രാമാണ്. കേരളത്തിൽ ഇപ്പോഴത്തെ നിലയിൽ നദികളെ തമ്മിൽ ബന്ധിപ്പിക്കാനുള്ള യാതൊരു

LIBRARY ARCHIVES Kerala Legislative Assembly

സാഹചര്യങ്ങളും നമ്മൾ കാണുന്നില്ല. അതു തന്നെയുമല്ല, അങ്ങനെ എന്തെങ്കിലും നടപടികളുമായി മുന്നോട്ടു പോകുമെങ്കിൽ അതിനു മുമ്പായി സംസ്ഥാന ഗവൺമെന്റുമായി ആലോചിക്കണമെന്നുള്ള ആവശ്യം കേന്ദ്ര ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്.

ശ്രീ. ടി. എൻ. പ്രതാപൻ : സർ, കാവേരി നദിയുടെ പോഷകനദികളായ കബനി, പമ്പാർ, ഭവാനി പ്രദേശങ്ങളിൽനിന്നും കേരളം ജലം അടിയന്തിരമായി ഉപയോഗിക്കുവാൻ തയ്യാറുണ്ടോ ?

ശ്രീ. ടി. എം. ജേക്കബ് : സർ, അവ അന്തർസംസ്ഥാന നദികളാണ്. അതുകൊണ്ട് ഇവയുടെ ബേസിനിലെല്ലാം നമ്മുടേതായിട്ടുള്ള അണക്കെട്ടുകൾ നിർമ്മിക്കാൻ നമുക്ക് തനിച്ച് സാധ്യമല്ല. കേന്ദ്ര ഗവൺമെന്റിന്റെ പ്ലാൻ ഫണ്ട് നമുക്ക് കിട്ടണമെങ്കിൽ അന്തർസംസ്ഥാന നദികളുമായി ബന്ധപ്പെട്ടിരിക്കുന്ന നിയമത്തിനു വിധേയമായേ സാധ്യമാകൂ. സാമ്പത്തിക ഞെരുക്കംമൂലം ഇവയുടെ ബേസിനുകളിൽ നമ്മൾ പ്രത്യേകമായി അണക്കെട്ടുകളൊന്നും നിർമ്മിച്ചിട്ടില്ല. പക്ഷേ തമിഴ്നാട് അവർക്ക് സ്വന്തമായി പണമുള്ളതുകൊണ്ട്, ഈ അന്തർ സംസ്ഥാന നദീജല നിയമങ്ങളും മറ്റു കാര്യങ്ങളുമൊക്കെ നിലവിലുണ്ടെങ്കിലും, അവരുടേതായിട്ടുള്ള പണംകൊണ്ട് പല നദികളിലും അണകൾ കെട്ടിയിട്ടുണ്ട്. കർണ്ണാടക സ്റ്റേറ്റും കെട്ടിയിട്ടുണ്ട്, അവർ നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നു.

ശ്രീ. എം. മുരളി : സർ, പണ്ടുണ്ടാക്കിയ കരാറിന്റെ മറവിൽ ഏകപക്ഷീയമായി നമ്മുടെ വെള്ളം തമിഴ്നാട് കൊണ്ടുപോകുകയാണ്. അങ്ങു പറഞ്ഞ കണക്കനുസരിച്ച് 30 ടി. എം. സി. വരെ വെള്ളം അവർക്ക് അവകാശപ്പെട്ടതാണ്. 22 ടി. എം. സി. ജലം മാത്രമേ അവർ ഇപ്പോൾ എടുക്കുന്നുള്ളൂ എന്നാണ് ഉത്തരത്തിൽ പറഞ്ഞത്. സത്യം അതല്ല. അവർക്ക് അവകാശപ്പെട്ടതിനെക്കാളും വളരെ കൂടുതൽ തന്നെയാണ് ഇപ്പോൾ ചോർത്തിക്കൊണ്ടു പോകുന്നത്. അതിനു ഒരൊറ്റ പ്രതിവിധിയേയുള്ളൂ. കേരളീയരോട് ഒരു വിരോധം ഉണ്ടാകാതെ ഈ വെള്ളം ചോർത്തൽ തടയുവാൻ നടപടി സ്വീകരിക്കണം, അല്ലെങ്കിൽ കരാറുകൾ പുനഃപരിശോധിക്കണം. ഈ വെള്ളത്തിന് വില ഈടാക്കാൻ സംസ്ഥാന സർക്കാർ മുന്നോട്ടു വരണം. എങ്കിൽ മാത്രമേ ഇതിനു പരിഹാരമുണ്ടാകുകയുള്ളൂ. അതിനുവേണ്ടി നിയമനിർമ്മാണം ഉൾപ്പെടെയുള്ള അടിയന്തിരനടപടികൾ സ്വീകരിക്കാൻ ഗവണ്മെന്റ് തയ്യാറാകുമോ ?

ശ്രീ. ടി. എം. ജേക്കബ് : സർ, ആൾ പാർട്ടി മീറ്റിംഗ് മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ വിളിച്ചുകൂട്ടിയിരുന്നു. അവിടെവച്ച് ഈ വിഷയങ്ങളെല്ലാം വളരെ വിശദമായി ചർച്ച ചെയ്തിരുന്നു. നിയമപരമായി നടപടികൾ സ്വീകരിക്കാൻ കഴിയുന്ന ചില മേഖലകൾ ഉണ്ടെന്നു ഗവൺമെന്റ് കണ്ടെത്തിയിട്ടുണ്ട്. നിയമപരമായി നമ്മുടെ താൽപര്യങ്ങൾ സംരക്ഷിക്കാൻ കഴിയുന്ന ചില കാര്യങ്ങളിൽ അടിയന്തിരമായി നിയമനിർമ്മാണം നടത്താനുള്ള നടപടികളുമായി ഗവൺമെന്റു മുന്നോട്ടു പോകുകയാണ്. ഈ സഭാ സമ്മേളനത്തിൽത്തന്നെ അത് കൊണ്ടുവരണമെന്നാണ് പൊതുവെ ഉയർന്നു വന്നിട്ടുള്ള അഭിപ്രായം അതനുസരിച്ച് നടപടികൾ സ്വീകരിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എം. മുരളി : സർ, മധ്യതിരുവിതാംകൂറിന്റെ ജീവനാഡിയായി നിൽക്കുന്ന അച്ചൻകോവിലാറിലെ (അതു ഈ കരാറിൽ പെട്ടതല്ല) വെള്ളംപോലും തമിഴ്നാട് അതിന്റെ ഉത്ഭവ സ്ഥാനത്തുനിന്നും അനധികൃതമായി ചോർത്തുകയാണ്. തമിഴ്നാടിന്റെ ഫോറസ്റ്റു സേന തന്നെയാണ് മണ്ണണ കെട്ടി നാട്ടുകാരുടെ വേഷത്തിൽ വെള്ളം കൊണ്ടുപോകുന്നത്. ആ മണ്ണണ പൊളിച്ചു കളഞ്ഞാലും വീണ്ടും അവർ കെട്ടുകയാണ് ചെയ്യുന്നത്. ഇതു ഗവൺമെന്റ് ഗൗരവമായി കണ്ട്, അച്ചൻകോവിലാർ പോലെ കരാറിൽ ഇല്ലാത്ത നദികളിൽനിന്നും അനധികൃതമായി വെള്ളം ചോർത്തുന്നതു തടയുവാൻ ഒരു ജല സംരക്ഷണ സേന നമ്മുടെ പശ്ചിമഘട്ടത്തിൽ നദികളുടെ ഉത്ഭവ സ്ഥാനത്ത് നിയോഗിക്കപ്പെടുവാൻ ഗവൺമെന്റ് തയ്യാറാകുമോ ?

ശ്രീ. ടി. എം. ജേക്കബ് : സർ, അച്ചൻകോവിലാറിന്റെ അപ്പർ റീച്ചിൽ ഇങ്ങനെ മണ്ണണ കെട്ടി വെള്ളം ഡൈവർട്ടു ചെയ്തുവിടുന്നു എന്നുള്ള ഒരു ആക്ഷേപം ആൾ പാർട്ടി മീറ്റിംഗിൽ വന്നിരുന്നു. നേരത്തേതന്നെ ഇക്കാര്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടതാണ്. മണ്ണുകൊണ്ടു നിർമ്മിച്ച ആ അണ നമ്മുടെ ഫോറസ്റ്റ് ഉദ്യോഗസ്ഥന്മാർ പൊളിച്ചു കളഞ്ഞിട്ടുണ്ട്. ഇപ്പോൾ അങ്ങനെ ഒരു കൺസ്ട്രക്ഷൻ അവിടെ ഇല്ലെന്നാണ് മനസ്സിലാക്കുന്നത്. അതു തടയുവാൻവേണ്ടി ജോയിന്റായിട്ടുള്ള ഒരു എഫർട്ട് ഞങ്ങൾ എടുത്തിട്ടുണ്ട്. ഇറിഗേഷൻ ഡിപ്പാർട്ടുമെന്റിലേയും ഫോറസ്റ്റ് ഡിപ്പാർട്ടുമെന്റിലേയും ഉദ്യോഗസ്ഥന്മാർ ഉൾപ്പെടുന്ന ഒരു വിജിലൻസ് സംവിധാനം ഇതിനകത്ത് രൂപീകരിച്ചിട്ടുണ്ട്. അവർ വളരെ കൃത്യനിഷ്ഠയോടുകൂടി കാര്യങ്ങൾ പരിശോധിക്കുകയും നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നുണ്ട്. അതുകൊണ്ട് ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതുപോലെയുള്ള ഒരു സമിതിക്കു രൂപം കൊടുക്കേണ്ട ആവശ്യമില്ല.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : സർ, മുല്ലപ്പെരിയാർ ഡാമിന്റെ ഉയരം കൂട്ടണമെന്ന കാര്യത്തിൽ തമിഴ്നാട് ഗവൺമെന്റിന് ഉറച്ച നിലപാടാണുള്ളത്. ഈ കാര്യത്തിൽ സുപ്രീം കോടതിയിലുംമറ്റും തമിഴ്നാട് ശക്തമായി ഇടപെടുകയും ചെയ്യുന്നുണ്ട്. കേന്ദ്ര ഗവൺമെന്റിന്റെ മനോഭാവം ഏകദേശം തമിഴ്നാടിനു അനുകൂലവുമാണ്. തമിഴ്നാടിനെ സംരക്ഷിക്കാനാണ് കേന്ദ്ര ഗവൺമെന്റ് ദക്ഷിണേന്ത്യൻ പ്രദേശങ്ങളിലുള്ള നദികളെ ലക്ഷ്യം വച്ചുകൊണ്ട് ആ നദികളെ സംയോജിപ്പിക്കുക എന്ന പരിപാടിക്കു രൂപം നൽകിയിട്ടുള്ളത്. നദീജല സമ്പത്ത് സംരക്ഷിക്കുന്നതിനുവേണ്ടി ഒരു നിയമനിർമ്മാണം കൊണ്ടുവരണം എന്നു വർഷങ്ങളായി ഈ ഗവൺമെന്റു പറഞ്ഞു കൊണ്ടിരിക്കുകയാണ്. എന്തുകൊണ്ട് ഇപ്പോഴും അതു കൊണ്ടുവരുന്നില്ല ? ഈ ഗവൺമെന്റിന് ഇക്കാര്യത്തിൽ അഭിപ്രായ വ്യത്യാസമുള്ളതുകൊണ്ടാണോ കൊണ്ടു വരാത്തത് ?

ശ്രീ. ടി. എം. ജേക്കബ് : സർ, അഭിപ്രായവ്യത്യാസമൊന്നുമില്ല. മുല്ലപ്പെരിയാർ ജലവിതാനം full reservoir level + 155 ആണ്. ഒരു സന്ദർഭത്തിൽ അണക്കെട്ടിന്റെ ബലക്ഷയം കണക്കിലെടുത്താണ് അതു + 136-ലേക്കു കൊണ്ടുവന്നത്. അണക്കെട്ടു ബലപ്പെടുത്തിക്കഴിഞ്ഞപ്പോൾ വീണ്ടും ജലവിതാനം ഉയർത്തണം എന്നുള്ള ആവശ്യം തമിഴ്നാട് ഉന്നയിച്ചു. ഞങ്ങൾ പറഞ്ഞിരിക്കുന്നത്, 106 വർഷം പഴക്കമുള്ള ഒരു ഡാമായതുകൊണ്ട് ഇപ്പോൾ നിശ്ചയിച്ചിട്ടുള്ള 136 അടിയും

സുരക്ഷിതമല്ല എന്നും അതു 132 അടിയിലേക്കു താഴ്ത്തണമെന്നുമാണ്. ഇതു സംബന്ധിച്ചു തർക്കം വന്നു. കേന്ദ്ര ഗവൺമെന്റ് കഴിഞ്ഞ എൽ. ഡി. എഫ്. ഗവൺമെന്റ് ഭരിക്കുന്ന സന്ദർഭത്തിൽ ഒരു കമ്മിറ്റിയെ ഇത് പഠിക്കുന്നതിനുവേണ്ടി നിയോഗിച്ചു. ആ കമ്മിറ്റി ചർച്ച നടത്തിയിട്ട് അതിന്റെ മിനിട്ട്സ്പോലും കേരളത്തിനു തരാതെ തുടർനടപടിയുമായി മുന്നോട്ടു പോയി. അതിൽ സംസ്ഥാനഗവൺമെന്റിന്റെ പ്രതിഷേധം അന്നുതന്നെ കേന്ദ്രത്തെ അറിയിക്കുകയുണ്ടായി. 106 വർഷം പഴക്കമുള്ള ഈ ഡാമിന്റെ സുരക്ഷിതത്വം ഉറപ്പാക്കുക എന്നുള്ളതാണ് നമ്മുടെ ആവശ്യം. അനേക ലക്ഷം ജനങ്ങളുടെ ജീവനേയും സ്വത്തിനേയും ബാധിക്കുന്ന ഒരു വലിയ പ്രശ്നമെന്നുള്ള നിലയിൽ ഗവൺമെന്റ് വളരെ ഗൗരവമായി ഇതിനെ കണ്ടിട്ടുണ്ട്. അതിനുവേണ്ടി നിയമം കൊണ്ടുവരുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്. ഇക്കാര്യത്തിൽ അഭിപ്രായ വ്യത്യാസമൊന്നുമില്ല.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : സർ, മുല്ലപ്പെരിയാർ ഡാമിന്റെ ജലശേഷി 136 അടിയാണെന്നു അങ്ങിവിടെ സൂചിപ്പിച്ചു. അതു നിലനിർത്താൻ വേണ്ടിയാണ് കേരളം ശ്രമിച്ചു കൊണ്ടിരിക്കുന്നതും. മുല്ലപ്പെരിയാറിൽനിന്ന് അനധികൃതമായി വെള്ളം ചോർത്തുന്നതായി സബ്ജക്ട് കമ്മിറ്റി അവിടം പരിശോധിച്ചപ്പോൾ മനസ്സിലാക്കുകയും ചെയ്തതാണ്. അതിനു കാരണം ഇവിടത്തെ ഗവൺമെന്റ് ഉദ്യോഗസ്ഥന്മാർ നടപടിക്രമങ്ങൾ കൃത്യമായി പാലിക്കാത്തതുകൊണ്ടാണെന്നു കണ്ടെത്തുകയും അതിന്റെ അടിസ്ഥാനത്തിൽ അവിടെയുള്ള ഇറിഗേഷൻ ഡിപ്പാർട്ടുമെന്റിന്റെ ഓഫീസ് റിവൈവ് ചെയ്യുവാനും ആ ഓഫീസിൽ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്മാരെ നിയമിക്കുവാനും അവർ ആ സ്ഥാനത്തു ഇരിക്കുന്നുവെന്നു ഉറപ്പുവരുത്തുവാനുമുള്ള നടപടികൾ എടുക്കണമെന്ന് സബ്ജക്ടു കമ്മിറ്റിയുടെ തീരുമാനമുണ്ടായിരുന്നു. പക്ഷേ ആ തീരുമാനത്തിനു ശേഷവും മേൽനടപടികളുമായി സംസ്ഥാനം കൃത്യമായി മുന്നോട്ടു പോയതായി തോന്നുന്നില്ല. ഇതിൽ അപാകത എന്താണ് എന്നു പരിശോധിച്ച് കൃത്യമായി നടപടി എടുക്കുന്നതിനു ഗവൺമെന്റ് ശ്രമിക്കുമോ ?

ശ്രീ. ടി. എം. ജേക്കബ് : സർ, മുല്ലപ്പെരിയാർ ഡാമിനടുത്താണ് ഇങ്ങനെയൊരു ഓഫീസ് തുറക്കണമെന്നുള്ള നിർദ്ദേശം വന്നത്—കാട്ടിനകത്തുള്ള ഒരു സ്ഥലമായതുകൊണ്ട് വൈദ്യുതിയുടെ പ്രശ്നം ഉണ്ട്. തമിഴ്നാട് ഗവൺമെന്റിന്റെ ജനറേറ്ററിൽ നിന്നാണ് നമുക്കു വൈദ്യുതി ലഭിക്കേണ്ടത്. അല്ലാതെ മറ്റു മാർഗ്ഗങ്ങൾ ഒന്നും ഇപ്പോഴില്ല. ആയതിനാൽ അതിന്റെ ഓഫീസ് തേക്കടിയിൽത്തന്നെ പ്രവർത്തിപ്പിക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കഴിഞ്ഞ ദിവസം നിയമസഭയിൽ വന്ന ആക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ ഞാൻ അന്വേഷിച്ചപ്പോൾ ഓഫീസിന്റെ പ്രവർത്തനം നടക്കുന്നുണ്ട് എന്നാണ് മനസ്സിലാക്കാൻ സാധിച്ചത്.

ശ്രീ. കെ. പി. രാജേന്ദ്രൻ : സർ, നിയമനിർമ്മാണത്തെക്കുറിച്ചും സുപ്രീംകോടതിയിൽ കേസ് നടത്തുന്നതിനെക്കുറിച്ചും ഇവിടെ സൂചിപ്പിച്ചു. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും വകുപ്പുമന്ത്രിയും ചേർന്നു നടത്തിയ രണ്ടു ആൾ പാർട്ടി മീറ്റിംഗുകളും നടന്നു. ഈ സഭതന്നെ പ്രത്യേകമായി ഒരു പ്രമേയം

അവതരിപ്പിച്ച് ഏകകണ്ഠമായി പാസ്സാക്കി. ഇതിനു നിയമപരമായി മറ്റു നടപടികൾ കോടതി മുഖാന്തിരം എടുക്കുന്നതിനെക്കുറിച്ച് രാഷ്ട്രീയമായി ചില തീരുമാനങ്ങൾ എടുക്കാൻ കഴിയുന്ന വിധത്തിൽ, രണ്ടു സ്റ്റേറ്റുകളും തമ്മിലുള്ള ഒരു പ്രശ്നം എന്ന രീതിയിൽ, കേരളത്തിന്റെ മുഖ്യമന്ത്രി തമിഴ്നാട് മുഖ്യമന്ത്രിയും അവിടത്തെ ഗവൺമെന്റുമായി എന്തെങ്കിലും ചർച്ചകൾ ഇതിന്റെ അടിസ്ഥാനത്തിൽ നടത്തിയിട്ടുണ്ടോ ; അതിനു എന്തുകൊണ്ടാണ് സംസ്ഥാന ഗവൺമെന്റ് മുൻകൈ എടുക്കാത്തത് ? അതൊന്നു വിശദീകരിക്കാമോ ?

ശ്രീ. ടി. എം. ജേക്കബ് : സർ, വസ്തുതകൾ പൂർണ്ണമായും മനസ്സിലാക്കാത്തതു കൊണ്ടാണ് ബഹുമാനപ്പെട്ട മെമ്പർ ഇപ്രകാരം പറയുന്നത്. ഈ വിഷയം ഗൗരവമായി എടുത്തിട്ടുണ്ട്. ഇവിടെ ഗവൺമെന്റുകൾ പലതും മാറി മാറി വന്നിട്ടുണ്ട്. മുല്ലപ്പെരിയാറിനെ സംബന്ധിച്ചിടത്തോളം നമ്മുടെ സ്റ്റാന്റും തമിഴ്നാടിന്റെ സ്റ്റാന്റും entirely different ആണ്. ഈ രണ്ടു സംസ്ഥാനങ്ങളിലെ മുഖ്യമന്ത്രിമാർ തമ്മിൽ സംസാരിച്ചാലും അതിനപ്പുറത്തേക്കു കാര്യങ്ങൾ നീക്കാൻ സാധ്യമല്ല. കാരണം ഇതു കോടതിയുടെ പരിഗണനയിലിരിക്കുന്ന വിഷയമാണ്. മറ്റൊന്ന് പറമ്പിക്കുളം ആലിയാർ പ്രോജക്ടിന്റെ കാര്യം. 30 വർഷക്കാലത്തിനിടയിൽ ഒരിക്കൽ റിവ്യൂ ചെയ്യാം എന്നൊരു പ്രൊവിഷനുണ്ട്. 1970-ൽ ഇതു വച്ചപ്പോൾ, 1958-ന്റെ പൂർവ്വകാല പ്രാബല്യം കൊടുത്തു. 1988-ൽ ഇതു റിവ്യൂ ചെയ്യേണ്ടതായിരുന്നു. അന്നു മുതൽ ആരംഭിച്ച പ്രക്രിയ ഇതുവരെ ഫലപ്രദമായി എങ്ങും കൊണ്ടെത്തിക്കാൻ കഴിഞ്ഞിട്ടില്ല. പക്ഷേ അതിന് ഇപ്പോൾ ചില പ്രോഗ്രസ്സ് ഒക്കെ ഉണ്ടായിട്ടുണ്ട്. ഞാൻ മന്ത്രിയായതിനുശേഷം ഇതു സംബന്ധിച്ച് പല ചർച്ചകളും നടത്തി. ഇതിനുവേണ്ടി ഒരു ടെക്നിക്കൽ എക്സ്പെർട്ടു കമ്മിറ്റിയെ നിയോഗിച്ചിട്ടുണ്ട്. ആ ടെക്നിക്കൽ കമ്മിറ്റിയുടെ റിപ്പോർട്ട് ആയിട്ടുണ്ട്. ആ റിപ്പോർട്ടു കിട്ടിക്കഴിഞ്ഞാൽ, അതിന്റെ അടിസ്ഥാനത്തിൽ കേരള സംസ്ഥാനത്തെ മന്ത്രിയും തമിഴ്നാട് മന്ത്രിയും തമ്മിൽ ഒരു ചർച്ചനടത്തും. അതിന്റെ അടുത്ത ഘട്ടം എന്നുള്ള നിലയിൽ മുഖ്യമന്ത്രി തലത്തിൽ ചർച്ച നടത്തും. പരിഹാരം ഉണ്ടാക്കാൻ കഴിയും എന്നാണ് എന്റെ വിശ്വാസം. അതിനുള്ള എല്ലാ initiative-ഉം എടുത്തിട്ടുണ്ട്. ഒരു നിലയിലുള്ള ലാപ്സും വരുത്തിയിട്ടില്ല. പക്ഷേ ഇവിടെ ചെറിയ ഒരു ഇഷ്യൂ വരുമ്പോൾപ്പോലും ഒരുമിച്ചു നിന്ന്, ഒരേ സ്വരത്തിൽ അതിനെപ്പറ്റി പറയാൻ നമുക്കു കഴിയാത്തതാണ് നമ്മുടെ ഏറ്റവും വലിയ ബലഹീനത.

ശ്രീ. എ. പി. അനിൽ കുമാർ : സർ, ഇവിടെ പറഞ്ഞു, കുറച്ച് വെള്ളം മാത്രമേ കൊടുക്കുന്നുള്ളൂ എന്ന്. നദീജലം സംബന്ധിച്ച് നമുക്ക് ദേശീയവും അന്തർദേശീയവുമായ കാഴ്ചപ്പാടാണുള്ളത്. ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞു, കൊടുക്കേണ്ടതിലും കുറവേ നമ്മൾ കൊടുക്കുന്നുള്ളൂവെന്ന്. എന്നാൽ പലപ്പോഴും മറിച്ചാണ് അനുഭവപ്പെടുന്നത്. കേരളത്തിലെ തന്നെ പ്രധാനപ്പെട്ട നാലു നദികളിൽപ്പെട്ട ചാലിയാർ നദിയുടെ പോഷകനദിയാണ് പാണ്ടിയാർ പുന്നപ്പുഴ നദി. പാണ്ടിയാർ പുന്നപ്പുഴയിൽ നിന്നും വരുന്ന ജലം കൂടിയാണ് ചാലിയാറിനെ കൂടുതൽ പരിപുഷ്ടമാക്കുന്നത്. പാണ്ടിയാർ പുന്നപ്പുഴ നദി ഗൂഡല്ലൂരിൽ വച്ചു അണകെട്ടി തടഞ്ഞുകൊണ്ട് ആ വെള്ളം ചാലിയാറിലേക്കു വരുന്നതു

LIBRARY ARCHIVES Kerala Legislative Assembly

തടയുവാനുള്ള ബോധപൂർവ്വമായ നീക്കം വളരെ നാളുകളായി തമിഴ്നാടിന്റെ ഭാഗത്തുനിന്നും നടത്തിക്കൊണ്ടിരിക്കുകയാണ്. പ്രസ്തുത കാര്യം പലപ്പോഴും ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുള്ളതുമാണ്. അക്കാര്യത്തിൽ എന്തെങ്കിലും നടപടികൾ എടുത്തിട്ടുണ്ടോ ; ഉണ്ടെങ്കിൽ അവ എന്താണ് എന്നു വ്യക്തമാക്കാമോ ?

ശ്രീ. ടി. എം. ജേക്കബ് : സർ, തമിഴ്നാട് അവരുടെ സ്വന്തം പണം ഉപയോഗിച്ചുകൊണ്ട് അവരുടെ ഭൂമിയിൽ പല സ്ഥലത്തും അണകൾ കെട്ടുന്നുണ്ട്. അങ്ങനെ താഴ്ന്ന ഭാഗത്തേക്കു ലഭിക്കേണ്ട വെള്ളം താഴേയ്ക്കു വരാതെയിരിക്കാൻ അവർ ശ്രമിക്കുന്നുണ്ട്. അതു ഇപ്പോഴും അവർ ചെയ്തുകൊണ്ടിരിക്കുകയാണ്. ഞങ്ങളുടെ ശ്രദ്ധയിൽപ്പെടുന്ന കാര്യങ്ങളിൽ നിങ്ങൾ അങ്ങനെ ചെയ്യരുതെന്ന് അവരോട് ആവശ്യപ്പെടുകയും അതു കേന്ദ്രത്തിന്റെ ശ്രദ്ധയിൽപ്പെടുത്തുകയുമൊക്കെ കാലാകാലങ്ങളിൽ ചെയ്യുന്നുണ്ട്. പാണ്ടിയാർ പുന്നപ്പുഴയെ സംബന്ധിച്ച് വളരെ കൃത്യമായിട്ടുള്ള നിലപാട് ഗവൺമെന്റ് സ്വീകരിച്ചിട്ടുണ്ട്.

ശ്രീ. പി. സി. ജോർജ് : സർ, നമ്മുടെ പുഷ്പഗിരി മെഡിക്കൽകോളേജ് മാനേജുമെന്റിന്റെ സ്വഭാവമാണ് വെള്ളത്തിന്റെ കാര്യത്തിൽ തമിഴ്നാട് സർക്കാർ നമ്മുടെ സർക്കാരിനോട് കാണിക്കുന്നത്. യഥാർത്ഥത്തിൽ 999 വർഷത്തെ എഗ്രിമെന്റ് വയ്ക്കുമ്പോൾ അന്ന് രാജഭരണകാലമാണ്. സ്വാതന്ത്ര്യം കിട്ടിയതോടുകൂടി ആ എഗ്രിമെന്റ് ഫലത്തിൽ തീർന്നു. അതുകഴിഞ്ഞ് ജനകീയ ഗവൺമെന്റ് 1970-ൽ ഉണ്ടാക്കിയ എഗ്രിമെന്റ് മുഖ്യമന്ത്രിമാർ ഒപ്പിട്ടുയെന്നത് സത്യമാണ്. നിയമമനുസരിച്ച് അതുണ്ടാകണം. പക്ഷെ ഇന്നുവരെ ഈ സഭ അത് അംഗീകരിച്ചിട്ടില്ല, ആ നിലയ്ക്ക് എഗ്രിമെന്റിന് വിലയില്ല. അതുപോലെത്തന്നെ നമ്മൾ കൃഷിയാവശ്യത്തിനുവേണ്ടി വെള്ളം കൊടുത്തു, അവർ നമ്മുടെ അനുവാദമില്ലാതെ അതിൽനിന്നും വൈദ്യുതി ഉൽപ്പാദിപ്പിക്കുന്നു. അത് എഗ്രിമെന്റിന്റെ വയലേഷനാണ്. മുല്ലപ്പെരിയാർ എഗ്രിമെന്റിന് വിലയില്ലയെന്ന സത്യം നിലനിൽക്കുമ്പോൾ എന്തുകൊണ്ട് ആ ലെവലിലൊരു നീക്കം നടത്താൻ ഗവൺമെന്റിന് കഴിയുന്നില്ല ?

ശ്രീ. ടി. എം. ജേക്കബ് : സർ, ഈ വിഷയം ഇവിടെ എത്രയോ പ്രാവശ്യം ചർച്ച ചെയ്തതാണ്. ഇത് വളരെ വർഷങ്ങൾക്കുമുൻപ് വച്ച ഒരു കരാറാണ്. നമ്മൾ അത് 1970-ൽ പുതുക്കി, ആ പുതുക്കിയ സന്ദർഭത്തിൽ നമ്മൾ ശ്രദ്ധിക്കേണ്ട ഒരുകാര്യമായിരുന്നത്. അന്ന് നമുക്ക് പറ്റിയ ഒരബദ്ധമാണെന്ന് സമ്മതിക്കേണ്ടിയിരിക്കുന്നു. അന്ന് എഗ്രിമെന്റ് പുതുക്കിയപ്പോൾ നമ്മൾ അതിനകത്ത് ഈ വ്യവസ്ഥകൾ ഉൾക്കൊള്ളിക്കേണ്ടിയിരുന്നു. അതിന് സാധിച്ചില്ല. ഈ നിയമസഭ പാസ്സാക്കി അംഗീകരിച്ചാലേ എഗ്രിമെന്റിന് പ്രാബല്യമുള്ളൂ എന്ന് പറയണമായിരുന്നു. ഇക്കാര്യം ആൾ പാർട്ടി മീറ്റിംഗിൽ വന്നു. ആ യോഗത്തിൽ വച്ചുതന്നെ ഒരു ഉറപ്പു നൽകിയിട്ടുണ്ട്. ഇത് പ്രത്യേകമായി നിയമ പരിശോധനയ്ക്ക് വിധേയമാക്കാം. നമുക്ക് നിയമപരമായിട്ടല്ലേ നടപടികൾ സ്വീകരിക്കാൻ കഴിയൂ. തമിഴ്നാടിന് ജലസേചനത്തിനു വേണ്ടി കൊടുത്ത വെള്ളം, അവർ വൈദ്യുതി ഉൽപ്പാദിപ്പിക്കുന്ന ഒരു സാഹചര്യം വന്നു.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

അത് നേരത്തേയുള്ള കരാറിന്റെ ലംഘനമാണെന്നു പറഞ്ഞ് അതിന് രണ്ട് Arbitrator-മാരെ വച്ചു. Arbitrator-മാരുടെ opinion different ആയി വന്നപ്പോൾ അംപയർക്ക് വിട്ടു. അംപയർ അതിനകത്ത് കേരള സംസ്ഥാനത്തിന് അനുകൂലമായി വിധിച്ചു. രണ്ടാമത് കരാർ പുതുക്കിയപ്പോൾ ആ വൈദ്യുതി ഉൽപ്പാദനം നമ്മൾ സാധൂകരിച്ചു കൊടുത്തു. അതാണ് നമുക്ക് പറ്റിയ അബദ്ധം. അന്ന് നമ്മൾ അതംഗീകരിക്കാൻ സന്നദ്ധമാകരുതായിരുന്നു. അല്ലെങ്കിൽ 1970-ൽ കരാർ പുതുക്കിയപ്പോൾ ഈ കാര്യം ഓർക്കണമായിരുന്നു. അത് നമ്മുടെ സംസ്ഥാനത്തിനു പറ്റിയ ഒരബദ്ധമാണ്. ഈ കാര്യങ്ങൾ അങ്ങോട്ടും ഇങ്ങോട്ടും പറഞ്ഞിട്ട് കാര്യമില്ല, സംഭവിച്ചതു സംഭവിച്ചു. ഭാവിയിൽ കുഴപ്പങ്ങളുണ്ടാകാതിരിക്കാൻ ശ്രദ്ധിക്കാം, അതേ നമുക്ക് സാദ്ധ്യമാകൂ.

ശ്രീ. സി. പി. മുഹമ്മദ് : സർ, മുല്ലപ്പെരിയാർ അണക്കെട്ടിന്റെ ഉയരം കൂട്ടാൻ സുപ്രീംകോടതിയെ സമീപിച്ച തമിഴ്നാട് സർക്കാർ പമ്പ, അച്ചൻകോവിൽ നദികളിലെ ജലം അപഹരിക്കുന്നതിന് ആറ് ലക്ഷംകോടി രൂപ ചെലവുവരുന്ന, സഹസ്രാബ്ദ വിസ്മിത്തമെന്ന് വിദഗ്ദ്ധർ വിശേഷിപ്പിച്ച, നദീസംയോജന പരിപാടിയുടെ മറവിൽ പരിശ്രമിച്ചുകൊണ്ടിരിക്കുകയാണ്. ബഹുമാനപ്പെട്ട മന്ത്രി സർവകക്ഷി യോഗ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ഈ സഭയിൽത്തന്നെ നിയമം കൊണ്ടുവരുമെന്ന് പ്രഖ്യാപിച്ചു. എല്ലാ കക്ഷികൾക്കും ഏക അഭിപ്രായമുള്ള ആ ബിൽ ഈ സമ്മേളനത്തിൽത്തന്നെ പാസ്സാക്കുമെന്ന് ബഹുമാനപ്പെട്ട മന്ത്രി ഉറപ്പ് നൽകുമോ ?

ശ്രീ. ടി. എം. ജേക്കബ് : സർ, അദ്ദേഹം ആദ്യം പറഞ്ഞ ഫസ്റ്റ് പാർട്ടിലെ കറക്ഷൻ ഞാൻ പറയാം. മുല്ലപ്പെരിയാർ ഡാമിന്റെ ഉയരം കൂട്ടുന്നില്ല. അതൊരു തെറ്റിദ്ധാരണയാണ്. പലപ്പോഴും മാദ്ധ്യമങ്ങളിൽ വരാറുണ്ട്. മുല്ലപ്പെരിയാറിന്റെ full Reservoir level എന്നു പറയുന്നത് +155 ആണ്. ജലവിതാനം ഉയർത്തുന്ന കാര്യത്തിൽ മാത്രമേ തർക്കമുള്ളൂ. അല്ലാതെ പുതുതായി അതിന്റെ മുകളിലോട്ട് ഡാം കൺസ്ട്രക്റ്റ് ചെയ്യുന്നില്ല ; അങ്ങനെ തെറ്റായ രീതിയിൽ പലപ്പോഴും പറയുന്നുണ്ട്. മുല്ലപ്പെരിയാർ ഡാമിന്റെ ഉയരം കൂട്ടുന്നില്ല. ജലവിതാനം ഉയർത്തുന്നത് സംബന്ധിച്ചാണ് ഇഷ്യൂ നിലനിൽക്കുന്നത്. അദ്ദേഹം ചോദിച്ച രണ്ടാമത്തെ കാര്യം ഈ നിയമസഭയിൽ നിയമം കൊണ്ടുവരുമോ എന്നുള്ളതാണ്. ഈ സമ്മേളനത്തിൽ തന്നെ നിയമം കൊണ്ടുവരണമെന്നാണ് ഗവൺമെന്റ് ആലോചിക്കുന്നത്. നാളെ എന്ത് സംഭവിക്കുമെന്ന് എനിക്കറിഞ്ഞുകൂടാ. ഈ സമ്മേളനത്തിൽത്തന്നെ നിയമം കൊണ്ടുവരണമെന്നാണ് ഗവൺമെന്റിന്റെ ആഗ്രഹം, അതിനുള്ള നടപടികൾ സ്വീകരിച്ചുകൊണ്ടിരിക്കുകയാണ്. കൊണ്ടുവരാൻ കഴിയുമെന്നാണ് ഞാൻ പ്രതീക്ഷിക്കുന്നത്.

ശ്രീ. എം. വി. ജയരാജൻ : സർ, മുല്ലപ്പെരിയാർ ഉൾപ്പെടെയുള്ള നമ്മുടെ നദീജല സമ്പത്ത് തമിഴ്നാട് സർക്കാർ ചോർത്തിക്കൊണ്ടു പോകുന്നത് ഗൗരവതരമായ ഒരു വിഷയമായി നിയമസഭാ സമിതികൾ ചൂണ്ടിക്കാണിച്ചിട്ടുള്ളതാണ്. സമിതി അവിടെയൊക്കെ പോയപ്പോൾ മുല്ലപ്പെരിയാറിൽ പ്രത്യേകിച്ച് കാണാൻ കഴിഞ്ഞത് തമിഴ്നാട്ടിലെ ഉദ്യോഗസ്ഥൻമാർ സൈറ്റിൽത്തന്നെ പ്രത്യേകമായി ഒരു ഓഫീസ് സജ്ജമാക്കി സൂപ്രണ്ടിംഗ് എഞ്ചിനീയരുടെ നേതൃത്വത്തിൽ ഒരു

ഉദ്യോഗസ്ഥ വൃന്ദം സദാ ജാഗരൂകരായിരിക്കുന്നതാണ്. അങ്ങ് ഇപ്പോൾ, മുല്ലപ്പെരിയാറിന് ഇപ്പുറത്ത് അസിസ്റ്റന്റ് എഞ്ചിനീയറുടെ നേതൃത്വത്തിൽ ഒരു ഓഫീസ് പ്രവർത്തിക്കുന്നുണ്ടെന്ന് പറഞ്ഞു. ഇതിന്റെ പ്രശ്നമെന്താണെന്നു വച്ചാൽ ഈ ഉദ്യോഗസ്ഥൻമാരുടെ സംരക്ഷണത്തിന് ചില ഘട്ടങ്ങളിൽ തമിഴ്നാട് ഗവൺമെന്റ് ബഡ്ജറ്റിൽത്തന്നെ തുക കൊടുക്കുന്നുണ്ട്. നമ്മുടെ പോലീസിന് രഹസ്യ പ്രവർത്തനങ്ങൾ നടത്തുന്നതിന് തുക കൊടുക്കുന്നതുപോലെ, ഇതിനെ Bribe എന്ന് വിളിക്കാമോ എന്നെനിക്കറിയില്ല. ഇതിനുവേണ്ടി തമിഴ്നാട് ബഡ്ജറ്റിൽ തന്നെ തുക മാറ്റിവച്ച് ഈ ഉദ്യോഗസ്ഥൻമാരെ പ്രാപ്തരാക്കുകയാണ് ചെയ്യുന്നത്. അതിന്റെ ഫലമായിട്ടാണ് കരാറുപോലുമില്ലാതെ അവർ വിദ്യുച്ഛക്തി ഉൽപ്പാദിപ്പിച്ചുകൊണ്ടിരിക്കുന്നത്. അന്ന് നമ്മൾ അവിടെ പോയപ്പോൾ കണ്ടതാണ്. ആ ഒരു പശ്ചാത്തലത്തിൽ നമ്മുടെ സംസ്ഥാനത്തിന്റെ ഉത്തമതാല്പര്യത്തിനനുസരിച്ച് പ്രവർത്തിക്കാൻ നമ്മുടെ ഉദ്യോഗസ്ഥ വിഭാഗത്തെ പ്രാപ്തരാക്കാൻ കഴിയുന്ന രൂപത്തിലുള്ള പരിപാടി, ഫോറസ്റ്റ് ഇറിഗേഷൻ എന്നീ വ്യത്യസ്ത ഡിപ്പാർട്ടുമെന്റുകളെ ഏകോപിപ്പിച്ചു കൊണ്ടുള്ള ഒരു പരിപാടി, ആസൂത്രണം ചെയ്യാൻ ഗവൺമെന്റ് തയ്യാറാകുമോ ?

ശ്രീ. ടി. എം. ജേക്കബ് : സർ, മുല്ലപ്പെരിയാർ ഡാമിന്റെ സംരക്ഷണം, അതിന്റെ പരിപാലനം, അവിടത്തെ കാർട്ടേഴ്സിന്റെ സംരക്ഷണം എന്നിവയെല്ലാം എഗ്രിമെന്റ് പ്രകാരം തമിഴ്നാടിന്റെ ചുമതലയിലുള്ളവയാണ് അവിടെ ഡാമിന് കാവൽ നിൽക്കുന്ന പോലീസുകാർ തമിഴ്നാടിന്റേതാണ്. കേരളാ സ്റ്റേറ്റിന്റെ അതിർത്തിക്കുള്ളിലാണ് മുല്ലപ്പെരിയാർ ഡാം നിൽക്കുന്നതെങ്കിലും നമുക്ക് ആ ഡാമിനെ സംബന്ധിച്ച് കരാർ പ്രകാരം ഒരു നിയന്ത്രണവും ഇല്ല. രണ്ടാമത് പറഞ്ഞ കാര്യം അവിടെ ജോലി ചെയ്യുന്ന ഉദ്യോഗസ്ഥൻമാർക്ക് സൗകര്യങ്ങൾ ചെയ്തുകൊടുക്കുന്നുയെന്നുള്ളതാണ്. നമ്മുടെ സംസ്ഥാനത്തെ സ്ഥിതി ഇവിടെ എല്ലാപേർക്കും അറിയാം. ഇവിടെ എന്തെങ്കിലും ചെയ്യാൻ പോയാൽ ആക്ഷേപങ്ങളും ആരോപണങ്ങളുമാണ്. കാട്ടിൽ ജോലി ചെയ്യുന്ന ഒരു ഉദ്യോഗസ്ഥന് എന്തെങ്കിലും ഒരു ഇൻസെന്റീവ് കൊടുക്കാൻ ഫയൽ മൂവ് ചെയ്താൽ ധനകാര്യ വകുപ്പിൽ ചെന്നാൽ-മന്ത്രിയുടെ കുഴപ്പം കൊണ്ടല്ല-നമ്മുടെ ഒരു സമീപനമെന്നു പറയുന്നത് അങ്ങനെയൊരു ഇൻസെന്റീവിന്റെ ആവശ്യമില്ല, അതൊക്കെ ജോലിയുടെ ഭാഗമാണെന്ന് പറയുക എന്നതാണ്. അതുപോലെ തന്നെയാണ് പറമ്പിക്കുളം-ആളിയാർ പ്രോജക്ടിന്റെ guaging stations-ലുള്ള ഉദ്യോഗസ്ഥരുടെ സ്ഥിതി. തമിഴ്നാട് കൊടുക്കുന്ന ഫെസിലിറ്റീസിന്റെ നൂറിലൊരു ഭാഗം ഫെസിലിറ്റി പോലും നമ്മുടെ ഉദ്യോഗസ്ഥൻമാർക്ക് കൊടുക്കാൻ നമുക്ക് സാധിക്കുന്നില്ല എന്നത് നമ്മുടെ നാട്ടിൽ നിലനിൽക്കുന്ന ഒരു സത്യമാണ്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. അടൂർ പ്രകാശ് : സർ, അച്ചൻകോവിൽ ആറ്റിൽ നിന്നും വെള്ളം കടത്തിക്കൊണ്ടു പോകുന്നതിന് തമിഴ്നാട് വളരെനാൾകൊണ്ടുള്ള പരിശ്രമത്തിന്റെ ഫലമായി. ചില പണികൾ മേക്കരയിൽ നടത്തിക്കൊണ്ടിരിക്കുകയാണ്. അതിന്റെ ഭാഗമായി മേക്കരയിൽ അടവിനയനാർ ഡാമിന്റെ നിർമ്മാണമാരംഭിച്ചു. 1999-2000 വർഷത്തിൽ ഇടതുപക്ഷ മുന്നണി ഗവൺമെന്റ് അധികാരത്തിലിരിക്കുമ്പോഴാണ് മേക്കര ഡാമിന്റെ പണി ആരംഭിച്ചത്. അന്ന് അച്ചൻകോവിലാറിന്റെ കിഴക്കൻ മലയോര മേഖലയിൽ നിന്നും വെള്ളം തിരിച്ചു വിടുന്നുവെന്ന് കാണിച്ചുകൊണ്ട് ഒരു ചോദ്യം ഉന്നയിച്ചപ്പോൾ അന്നത്തെ മുഖ്യമന്ത്രി ഒരു മറുപടി പറഞ്ഞത് എന്ത് ഡാം, ഏത് ഡാം, ഏത് വെള്ളം എന്നൊക്കെയാണ്. അന്ന് അച്ചൻകോവിലാറിലെ വെള്ളം തിരിച്ചു കൊണ്ടുപോകുന്നതിനായി സെൻട്രൽ വാട്ടർ കമ്മീഷന്റെ റിപ്പോർട്ടുണ്ടാക്കി, ആ കമ്മീഷൻ റിപ്പോർട്ടുണ്ടാക്കുന്നയവസരത്തിൽ അതിലെ ഒരംഗമെന്ന് പറയുന്നത് നമ്മുടെ സംസ്ഥാനത്തെ ഒരു ഉദ്യോഗസ്ഥനായിരുന്നു. നിർഭാഗ്യവശാൽ നമ്മുടെ സംസ്ഥാനത്തെ ഉദ്യോഗസ്ഥൻ ആ കമ്മീഷന്റെ മുൻപിൽ ഹാജരാകുകയോ അതിനുവേണ്ടിയുള്ള നടപടികൾ കൈക്കൊള്ളുകയോ ചെയ്തില്ല. ഇത്തരത്തിലുള്ള ഒരു വീഴ്ചയാണുണ്ടായത്. അതുകൊണ്ട് നമ്മുടെ അച്ചൻകോവിലാറിലെ വെള്ളം കടത്തിക്കൊണ്ടു പോകുന്നതിന് തമിഴ്നാട് നടത്തിക്കൊണ്ടിരിക്കുന്ന ആ ശ്രമത്തെ തടയുന്നതിനാവശ്യമായ നടപടി സ്വീകരിക്കാൻ ഗവൺമെന്റ് തയ്യാറാകുമോ ?

ശ്രീ. ടി. എം. ജേക്കബ് : സർ, ബഹുമാനപ്പെട്ട മെമ്പർ ധരിച്ചതിലുള്ള പിശകാണെന്നു തോന്നുന്നു. നാഷണൽ വാട്ടർ ഡെവലപ്മെന്റ് ഏജൻസി ഒരു പഠനം നേരത്തേ നടത്തിയിട്ടുണ്ട്. നാഷണൽ വാട്ടർ ഡെവലപ്മെന്റ് ഏജൻസിയുടെ പഠനം നടന്നത് 1982-ലാണ്. ആ റിപ്പോർട്ടിൽ പമ്പയിലും അച്ചൻകോവിലിലും വെള്ളം മിച്ചമുണ്ട്, വൈപ്പാർ ബേസിനിലേക്ക് Inter basin transfer ആകാമെന്ന് പറഞ്ഞിരുന്നു. ഏതെങ്കിലും ഒരു യോഗത്തിൽ, നാഷണൽ വാട്ടർ ഡെവലപ്മെന്റ് ഏജൻസിയുടെ ഒരു യോഗത്തിൽ ഒരു ഉദ്യോഗസ്ഥൻ പോയില്ലയെന്നുള്ളതുകൊണ്ട് ഒരു പ്രശ്നവും ഉണ്ടായിട്ടില്ല. നാഷണൽ വാട്ടർ ഡെവലപ്മെന്റ് ഏജൻസിയുടെ യോഗത്തിൽ മന്ത്രിതലത്തിൽത്തന്നെ ഈ കാര്യങ്ങൾ പറഞ്ഞിട്ടുണ്ട്. നമ്മൾ പറഞ്ഞിരിക്കുന്നത് 1996-ൽ C.W.R.D.M. സമർപ്പിച്ചിരിക്കുന്ന ഒരു റിപ്പോർട്ടുണ്ട്, ആ റിപ്പോർട്ടിനെ ബേയ്സ് ചെയ്ത് നമുക്ക് നമ്മുടെ ഈ basin-ൽ നിന്നും ട്രാൻസ്ഫർ ചെയ്യാനുള്ള വെള്ളമില്ല എന്നാണ്. നമ്മുടെ സ്ഥിതിഗതികൾ വളരെ വ്യക്തമായി പറഞ്ഞിട്ടുണ്ട്. അതുകൊണ്ട് പമ്പയും അച്ചൻകോവിലാറുമായി ബന്ധിപ്പിച്ച് വൈപ്പാർ ബേസിനിലേക്ക് വെള്ളം കൊണ്ടുപോകാനുള്ള തമിഴ്നാടിന്റെ നീക്കത്തെ അനുകൂലിക്കാൻ സാദ്ധ്യമല്ലയെന്ന് വളരെ Categorical ആയി യോഗത്തിൽ നമ്മൾ പറഞ്ഞിട്ടുണ്ട്. ഇത് കേന്ദ്ര ഗവൺമെന്റിനേയും, തമിഴ്നാട് ഗവൺമെന്റിനേയും അറിയിച്ചിട്ടുണ്ട്. ആ കാര്യങ്ങളിൽ ഒരു വീഴ്ചയും കാണിക്കുന്നില്ല. അവിടെ അണക്കെട്ട് കെട്ടി എന്നത് ശരിതന്നെയാണ്, അവരുടെ ഭൂമിയിൽ നൂറുകോടി രൂപ സ്പെന്റ് ചെയ്ത് അവർ അണകെട്ടി. അവർക്ക് പണമുണ്ട്, അവരുടെ ഭൂമിയിൽ അവർ അണകെട്ടുന്നതിന് നമുക്കെന്തു ചെയ്യാൻ സാധിക്കും ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ : സർ, കേരളീയർ പൊതുവേ ഉദാരമനസ്കരാണല്ലോ. അതിന്റെ അടിസ്ഥാനത്തിലാണല്ലോ ദശലക്ഷക്കണക്കിന് ലിറ്റർ വെള്ളം ഓരോ ദിവസവും തമിഴ്നാടിന് കൊടുക്കാൻവേണ്ടി തീരുമാനിച്ചത്. പക്ഷേ, മാറിയ സാഹചര്യത്തിൽ, ഇപ്പോൾ കുടിവെള്ളത്തിന് കാശ് കൊടുത്താണ് നമ്മൾ വെള്ളം വാങ്ങിക്കുന്നത്. ജലസേചനത്തിനുപോലും വെള്ളം കാശുകൊടുത്ത് വാങ്ങേണ്ടിവരുമെന്നുള്ള സാഹചര്യത്തിൽ തമിഴ്നാട്ടിൽനിന്ന് വെള്ളത്തിനു പകരം എന്തെങ്കിലും ഇങ്ങോട്ട് ആവശ്യപ്പെട്ടുകൂടേ ?

ശ്രീ. ടി. എം. ജേക്കബ് : സർ, അങ്ങനെയൊക്കെ ഒരു നെഗോസിയേഷ്യനിലേക്ക് പോകുന്നത് കേരളത്തിന് കൂടുതൽ ദോഷകരമായിരിക്കും. വേണമെങ്കിൽ അക്കാര്യത്തിൽ സ്ട്രേയ്റ്റായിട്ട് ചില ധാരണകളുണ്ടാക്കാൻ അവർ സന്നദ്ധമാകും. അതൊന്നും കേരളത്തിന് ഗുണകരമായിരിക്കുകയില്ല. ഇതുവരെ നമ്മൾ വച്ചിട്ടുള്ള കരാറുകളെല്ലാം കേരളത്തിന് ദോഷമായിട്ടേ വന്നിട്ടുള്ളൂ. ഇനി തമിഴ്നാടുമായിട്ട് എന്ത് എഗ്രിമെന്റിനു പോയാലും ആറു പ്രാവശ്യം ആലോചിക്കാതെ പോകുന്നത് ബുദ്ധിയല്ലായെന്നാണ് എന്റെ ഇതുവരെയുള്ള അനുഭവം വച്ച് പറയാനുള്ളത്.

ശ്രീ. കെ. ബാബു : സർ, കാവേരി ട്രൈബ്യൂണൽ തീരുമാനം ആദ്യം 1892-ലും രണ്ടാമത് 1924-ലുമാണ് ഉണ്ടായത്. അന്ന് കേരളത്തിൽ ജനായത്ത ഭരണം ഇല്ലായിരുന്നെങ്കിൽ രാജഭരണമുണ്ടായിരുന്നു. അന്നത്തെ മഹാരാജാവ് ഈ കരാറിൽ കക്ഷിയല്ല, ട്രൈബ്യൂണൽ തീരുമാനങ്ങളിലൊന്നും കക്ഷിയല്ല. ആ നിലയ്ക്ക് നമ്മൾ കക്ഷിയല്ലാത്തതുകൊണ്ട് കാവേരി ട്രൈബ്യൂണൽ തീരുമാനം നമുക്ക് ബാധകമല്ലെന്നുള്ള നിലപാട് സ്വീകരിക്കാൻ സാധിക്കുമോ ; ഇതു സംബന്ധിച്ച് നിയമ വിദഗ്ദ്ധരുമായി ചർച്ച ചെയ്തിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ ?

ശ്രീ. ടി. എം. ജേക്കബ് : സർ, ഇത് നമ്മൾ പരിശോധിച്ച വിഷയമാണ്. 1892-ലും 1924-ലും രണ്ട് കരാറുകൾ വന്നിട്ടുണ്ട്. 1892-ലെ കരാർ എന്നു പറയുന്നത് മൈസൂർ രാജാവും ബ്രിട്ടീഷ് പ്രസിഡൻസി, അതായത് പഴയ മദ്രാസ് സ്റ്റേറ്റും തമ്മിലുള്ള കരാറാണ്. ഇതിനകത്ത് ഒരു ബെയ്സിൻ വരുന്നത് കേരളത്തിലാതുകൊണ്ട് തിരു-കൊച്ചി ഗവൺമെന്റുമായിട്ട് കരാറിൽ ഏർപ്പെടേണ്ടതായിരുന്നു. പക്ഷേ കരാറിൽ ഏർപ്പെട്ടതായിട്ട് കാണുന്നില്ല. 1924-ലെ കരാർ അനുസരിച്ച് 50 വർഷത്തേക്കുള്ള കരാറാണ്. ആ കരാറിനകത്തും കേരളം കക്ഷിയല്ല. അതുകൊണ്ടുതന്നെ കാവേരി ഇഷ്യൂവിൽ രണ്ട് എഗ്രിമെന്റും നമുക്ക് ബാധകമല്ലെന്നുള്ള സ്റ്റാൻഡ്തന്നെയാണ് സ്വീകരിച്ചിരിക്കുന്നത്. അതിനെ സംബന്ധിച്ച് ആർഗ്യുമെന്റ് കഴിഞ്ഞതാണ്. ആ പോയിന്റ് നമ്മൾ എസ്റ്റാബ്ളിഷ് ചെയ്തുകഴിഞ്ഞിട്ടുണ്ട്. നമ്മുടെ സ്റ്റാൻഡ് അങ്ങനെതന്നെയാണ്. ഇത് നമുക്ക് ബാധകമല്ലാത്തതുകൊണ്ട് കാവേരിയിൽ നമ്മുടെ കോൺട്രിബ്യൂഷൻ, നമ്മൾ നൽകുന്ന 140 ടി.എം.സി. വെള്ളത്തിൽനിന്ന് 99.8 ടി.എം.സി. വെള്ളം കേരളത്തിന് കിട്ടണമെന്നുള്ളതാണ് നമ്മുടെ ആർഗ്യുമെന്റ്.

ഡോ. എ. നീലലോഹിതദാസൻ നാടാർ : സർ, ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞ മറുപടിയിൽ നെയ്യാർ ഡാമിനെക്കുറിച്ച് പറഞ്ഞു. നെയ്യാർ ഡാമിൽ നിന്നുള്ള വെള്ളം തമിഴ്നാട്ടിലേക്ക് കൊടുക്കുന്നതിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥൻമാർ കാണിക്കുന്ന താല്പര്യം നമ്മുടെ ഇവിടുത്തെ ചാനലിൽക്കൂടി വെള്ളം വിടുന്നതിൽ കാണിക്കുന്നില്ല. അതു സംബന്ധിച്ച് ശക്തമായ ആക്ഷേപം ഉയർന്നുവന്നിട്ടുണ്ട്. ഇക്കാര്യം ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ടോ; ഇത് പരിഹരിക്കാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ ?

ശ്രീ. ടി. എം. ജേക്കബ് : സർ, ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞപ്പോൾ എന്റെ ശ്രദ്ധയിൽപ്പെട്ടു. ഇതിനെക്കുറിച്ച് അന്വേഷിച്ച് നടപടികൾ സ്വീകരിക്കാം.

ശ്രീ. കെ. എ. ചന്ദ്രൻ : സർ, അന്തർസംസ്ഥാന നദീജലം തടയുന്നതിനും വിനിയോഗിക്കുന്നതിനും നിബന്ധനകളുണ്ട്. ആ നിബന്ധനകൾ പാലിച്ച് പദ്ധതി തയ്യാറാക്കിയെങ്കിൽ മാത്രമേ കേന്ദ്ര സർക്കാരിൽനിന്ന് പദ്ധതി വിഹിതമായി പണം ലഭിക്കുകയുള്ളൂ. ഇത് നടപ്പിലാക്കാൻ നമുക്ക് സാധാരണഗതിയിൽ കഴിയുന്നില്ല. അയൽ സംസ്ഥാനങ്ങളായ തമിഴ്നാടും കർണ്ണാടകയും പണമുള്ളതുകൊണ്ട് വ്യവസ്ഥകൾ പാലിക്കാതിരിക്കുകയും അവർ ഇങ്ങോട്ട് ഒഴുകുന്ന വെള്ളം തടഞ്ഞുനിർത്തി വിനിയോഗിക്കുകയും ചെയ്യുന്നതുകൊണ്ട് പാലക്കാട് ഉൾപ്പെടെയുള്ള പ്രദേശങ്ങൾ വരണ്ടുണങ്ങി മരുഭൂമിയായി കൊണ്ടിരിക്കുകയാണ്. ഇതിനു പരിഹാരമെന്നു പറയുന്നത് പറമ്പിക്കുളം ആളിയാർ കരാർ പുനരവലോകനം ചെയ്യുകയാണ്. അതിനൊരു എക്സ്പെർട്ട് കമ്മിറ്റിയെ നിയോഗിക്കുകയും ആ കമ്മിറ്റി റിപ്പോർട്ട് നൽകുകയും ചെയ്തതായി ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞു. ആ റിപ്പോർട്ടിന്റെ വിശദാംശം എന്താണ് ; അതിന്റെ വെളിച്ചത്തിൽ കഴിയുംവേഗം ഇത് പുനരവലോകനം ചെയ്യുകയും അതിനുമുമ്പ് കുറെയെങ്കിലും അർഹതപ്പെട്ട വെള്ളം ലഭ്യമാക്കാൻ ആവശ്യമായ നടപടി സ്വീകരിക്കുകയും ചെയ്യുമോ ?

ശ്രീ. ടി. എം. ജേക്കബ് : സർ, എക്സ്പെർട്ട് കമ്മിറ്റി റിപ്പോർട്ട് വളരെ ബൃഹത്തായ ഒന്നാണ്. അതിന്റെ സാരാംശം ഈ ചോദ്യോത്തരവേളയിൽ പറയാൻ ബുദ്ധിമുട്ടുണ്ട്. രണ്ടുകൂട്ടരുംകൂടി എഗ്രീ ചെയ്തിരിക്കുന്ന കുറെ കാര്യങ്ങളുണ്ട്. പോളിസിപരമായ പല കാര്യങ്ങളും മന്ത്രിതലത്തിൽ ഡിസ്കസ് ചെയ്യണമെന്നാണ് ധാരണ ഉണ്ടായിരിക്കുന്നത്. പ്രധാന ഇഷ്യൂസ് വീണ്ടും ചർച്ച ചെയ്യേണ്ടതായിട്ട് വരും. ആ സന്ദർഭത്തിൽ തീർച്ചയായും നമ്മുടെ സംസ്ഥാനത്തിന്റെ താല്പര്യം സംരക്ഷിക്കുന്നതിന് സഹായകരമായ നിലപാട് സ്വീകരിക്കും.

ശ്രീ. കെ. പി. രാമകൃഷ്ണൻ : സർ, കരാറിൽപ്പെടാത്ത നദികളിൽനിന്നും വെള്ളം നൽകുമ്പോൾ അതിന്റെ വില ഈടാക്കുന്നതിനെക്കുറിച്ച് ആലോചിച്ചുവരുന്നു എന്നാണ് ബഹുമാനപ്പെട്ട മന്ത്രി നേരത്തേ പറഞ്ഞത്. വെള്ളത്തിനുള്ള വില നിശ്ചയിക്കുമ്പോൾ വൈദ്യുതി ഉല്പാദനവുമായി ബന്ധപ്പെട്ട്, വെള്ളത്തിന്റെ വിലയുടെ തോതുമായി ബന്ധപ്പെട്ട് വില നിശ്ചയിച്ച് വാങ്ങുന്നതിനുവേണ്ടിയുള്ള നടപടികളെക്കുറിച്ച് ആലോചിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ടി. എം. ജേക്കബ് : സർ, ഇപ്പോൾ നിലവിലുള്ള കരാറിനകത്ത് നെയ്യാറിൽനിന്ന് കൊടുക്കുന്ന വെള്ളത്തെ സംബന്ധിച്ച് മാത്രമേ കരാറുകൾ ഒന്നും നിലവിൽ ഇല്ലാതെയുള്ളൂ. പെരിയാർ, പറമ്പിക്കുളം-ആളിയാർ, ശിരുവാണി എന്നിവയ്ക്കെല്ലാം എഗ്രിമെന്റ് ഉണ്ട്. എഗ്രിമെന്റ് ഇല്ലാത്തത് നെയ്യാറിന്റെ കാര്യത്തിൽ മാത്രമേയുള്ളൂ. നെയ്യാറിൽനിന്ന് പഴയ തിരുവിതാംകൂറിന്റെ ഭാഗമായിരുന്ന ഇപ്പോഴത്തെ തമിഴ്നാടിന്റെ ഭാഗത്ത് കൊടുക്കുന്ന വെള്ളമുണ്ട്. അത് ഒരു ടി.എം.സി.യിൽ താഴെയാണ് വരുന്നത്. അത്രയും വെള്ളത്തിന് വില ഈടാക്കുന്ന കാര്യത്തെക്കുറിച്ചാണ് ആലോചിക്കുന്നത്. അതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പുതുതായി തമിഴ്നാടുമായി ഒരു കരാറിലേക്ക് പോകാൻ ആഗ്രഹിക്കുന്നില്ല.

ശ്രീ. ടി. പി. എം. സാഹിർ : സർ, നദികളുടെ ഉത്ഭവ സ്ഥാനത്ത് തമിഴ്നാട് ഗവൺമെന്റ് പല ജോലികളും ചെയ്യുന്നുവെന്ന് മനസ്സിലായിട്ടുണ്ട്. നദികളുടെ ഉത്ഭവ സ്ഥാനങ്ങളിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥൻമാർക്ക് ചെന്നെത്താൻ ബുദ്ധിമുട്ടാണെന്ന് പറയുകയും ചെയ്തിട്ടുണ്ട്. ആ സ്ഥിതിക്ക് ഒരു വർഷത്തിൽ 10 ലക്ഷം ഉറുപ്പിക മാറ്റിവച്ചുകൊണ്ട് എന്തെങ്കിലും അപ്സ്ട്രീം ഡവലപ്മെന്റ് വർക്കുമായി ബന്ധപ്പെട്ട് ജോലികൾ നൽകുകയാണെങ്കിൽ അവിടെ പണികൾ ചെയ്യാൻ ജോലിക്കാരുണ്ടാകും. എഞ്ചിനീയർമാർക്ക് അവിടെ പോകാൻ താല്പര്യവുമുണ്ടാകും. അതുകൊണ്ട് ബഡ്ജറ്റിൽ എല്ലാ കൊല്ലവും ഒരു അപ്സ്ട്രീം ഡവലപ്മെന്റ് വർക്ക് പെടുത്തി ഇത് നിലനിർത്താൻ അങ്ങേയ്ക്ക് താല്പര്യമുണ്ടോ ?

ശ്രീ. ടി. എം. ജേക്കബ് : സർ, എനിക്ക് താല്പര്യക്കുറവ് ഉള്ളതുകൊണ്ടല്ല. ഉത്ഭവ സ്ഥാനത്ത് ബന്ധപ്പെട്ട ഉദ്യോഗസ്ഥൻമാർ പോകുന്നില്ലായെന്ന് പറയുന്നത് ശരിയല്ല. അവർ പോകുന്നുണ്ട്. അവർക്ക് പരിമിതമായ സൗകര്യങ്ങൾ മാത്രമേ ക്രമീകരിച്ച് കൊടുത്തിട്ടുള്ളൂ. നദികളുടെ ഉത്ഭവ സ്ഥാനത്ത് എന്തെങ്കിലും കൺസ്ട്രക്ഷൻ വർക്ക് നടത്തുന്നതിനെ സംബന്ധിച്ച് അല്ലെങ്കിൽ പ്രൊട്ടക്ഷനെ സംബന്ധിച്ച് എന്തെങ്കിലും പ്രൊവിഷൻസ് ബഡ്ജറ്റിൽ വയ്ക്കണമെന്നുള്ള നിർദ്ദേശമാണ് ബഹുമാനപ്പെട്ട മെമ്പർ ഉന്നയിച്ചത്. ആ നിർദ്ദേശം പരിശോധിക്കാവുന്നതാണ്.

ശ്രീ. എ. സി. ഷൺമുഖദാസ് : സർ, തമിഴ്നാട്ടിന് കൊടുക്കുന്ന വെള്ളത്തിന് പണം കിട്ടുന്നില്ല എന്നുപറഞ്ഞു. ശിരുവാണി, പറമ്പിക്കുളം-ആളിയാർ, പെരിയാർ തുടങ്ങിയ പ്രോജക്ടുകളിൽനിന്നും വെള്ളം കൊടുക്കുന്നുണ്ട്. ഈ പ്രോജക്ടുകൾക്ക് മെയിന്റനൻസിന് വേണ്ടിവരുന്ന കോസ്റ്റിനെ സംബന്ധിച്ചിടത്തോളം ഷെയറിംഗ് സിസ്റ്റം വല്ലതുമുണ്ടോ ? ജോയിന്റ് ഇൻസ്പെക്ഷൻ നടത്താറുണ്ടോ ? സംസ്ഥാന ഗവൺമെന്റ് ഇതു സംബന്ധിച്ച് തമിഴ്നാട് ഗവൺമെന്റുമായി എന്തെങ്കിലും ചർച്ച നടത്തിയിട്ടുണ്ടോ ?

ശ്രീ. ടി. എം. ജേക്കബ് : സർ, ഇതിൽ മുല്ലപ്പെരിയാറിന്റെ മെയിന്റനൻസ് പൂർണ്ണമായും തമിഴ്നാടാണ് ചെയ്യുന്നത്. ശിരുവാണിയുടേയും മെയിന്റനൻസ് പൂർണ്ണമായിട്ട് തമിഴ്നാടാണ് നടത്തുന്നത്. പറമ്പിക്കുളം-ആളിയാർ

സിസ്റ്റത്തിന്റെ കീഴിൽവരുന്ന, അവരുടെ സംസ്ഥാനത്തിന്റെ ഭാഗത്തുവരുന്ന ഡാമുകളുടേയും വിയറുകളുടേയും പണികൾ അവരാണ് നടത്തേണ്ടത്. കേരളത്തിന്റെ ഭാഗത്തു വരുന്നത് നമ്മളാണ് നടത്തുന്നത്. അത് നമ്മൾ മോണിറ്റർ ചെയ്യുകയും ചെയ്യുന്നുണ്ട്.

ശ്രീ. കെ. കെ. ഷാജു : സർ, മുല്ലപ്പെരിയാർ ഡാമിന്റെ ജലനിരപ്പ് ഉയർത്തുന്നതിനെ സംബന്ധിച്ച് പറയുകയുണ്ടായി. മുല്ലപ്പെരിയാർ ഡാമിന്റെ ജലനിരപ്പ് ഉയർത്തുന്നതിന് സഹായകരമാകുന്ന വിധത്തിൽ അതിന്റെ കുറച്ചുഭാഗത്ത് തമിഴ്നാട് ഗവൺമെന്റ് കല്ലും മണ്ണും ഇട്ടതു സംബന്ധിച്ച് വിവാദം ഉണ്ടായിട്ടുണ്ട്. കല്ലും മണ്ണും ഇട്ടത് നിർത്തിവച്ചുവെങ്കിലും ഇട്ട കല്ലും മണ്ണും നീക്കം ചെയ്യാൻ കഴിഞ്ഞിട്ടില്ല. നമ്മൾ അവിടെ പോയതാണ്. അതുകൊണ്ട് മുല്ലപ്പെരിയാർ ഡാമിന്റെ ജലനിരപ്പ് വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി തമിഴ്നാട് സർക്കാർ അവിടെ നിക്ഷേപിച്ചിട്ടുള്ള കല്ലും മണ്ണും നീക്കം ചെയ്യുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുമോ ?

ശ്രീ. ടി. എം. ജേക്കബ് : സർ, ബഹുമാനപ്പെട്ട മെമ്പർ സൂചിപ്പിച്ചത് സ്പിൽവേയുടെ മുമ്പിൽ കൂടിക്കിടക്കുന്ന കല്ലും മണ്ണും സംബന്ധിച്ചാണ്. അത് നിയമസഭാ കമ്മിറ്റികൾ പരിശോധിക്കുകയും കണ്ടുപിടിക്കുകയും ചെയ്തിട്ടുണ്ട്. അത് റിമൂവ് ചെയ്യണമെന്ന് തമിഴ്നാടിനോട് പറഞ്ഞു. കുറച്ച് കാര്യങ്ങൾ ചെയ്തിട്ടുണ്ട്. പക്ഷേ, പൂർണ്ണമായി റിമൂവ് ചെയ്തിട്ടില്ല. പൂർണ്ണമായി മാറ്റണമെന്നുള്ള സ്റ്റാൻഡിൽ നമ്മൾ ഉറച്ചു നിൽക്കുകയാണ്.

ഡോ. കെ. സി. ജോസഫ് : സർ, നദികളെ സംയോജിപ്പിക്കാനുള്ള പദ്ധതിയെ നമ്മൾ എതിർത്തിട്ടുണ്ട്. പക്ഷേ നമ്മുടെ എതിർപ്പിനെ വകവയ്ക്കാതെ ആ പദ്ധതിയുമായി കേന്ദ്ര ഗവൺമെന്റ് മുന്നോട്ട് പോകുന്നു എന്നുള്ള ഭീഷണി ഒരു വശത്ത് നിൽക്കുകയാണ്. മണ്ണെണ നശിപ്പിച്ചതുകൊണ്ട് വെള്ളം പോകുന്നില്ല എന്നുള്ള നിലപാടിൽ നമ്മൾ ഇരിക്കുന്നു. മേക്കരയിൽ ഡാം നിർമ്മിച്ചിട്ടുണ്ട്. വൃഷ്ടിപ്രദേശമല്ലാത്ത മേക്കര ഡാമിൽ ഇപ്പോൾ 30 അടി വെള്ളം ഉണ്ട്. ആ വെള്ളം എങ്ങനെ ലഭിച്ചു എന്നതിനെ സംബന്ധിച്ച് ഒരു പഠനം നടത്തിയോ ? എവിടെ നിന്നെങ്കിലും അനധികൃതമായി ടണൽ നിർമ്മിക്കുന്നതിനുള്ള എന്തെങ്കിലും ശ്രമം നടക്കുന്നുണ്ടോ എന്ന് പരിശോധിച്ചിട്ടുണ്ടോ ? അച്ചൻകോവിലിലേയും പമ്പയിലേയും വെള്ളം നമുക്ക് നഷ്ടപ്പെട്ടാൽ മദ്ധ്യതിരുവിതാംകൂറും കുട്ടനാടും വരണ്ടുണങ്ങും എന്നതു കണക്കിലെടുത്തു കൊണ്ട് ഇക്കാര്യത്തിൽ ജാഗ്രത പുലർത്താൻവേണ്ടി ; അനധികൃതനിർമ്മാണ പ്രവർത്തനം നടക്കുന്നില്ല എന്ന് ഉറപ്പ് വരുത്താൻവേണ്ടി എന്ത്, നടപടി സ്വീകരിക്കാനാണ് ഗവൺമെന്റ് ആഗ്രഹിക്കുന്നത് ?

ശ്രീ. ടി .എം. ജേക്കബ് : സർ, രണ്ടു മാസം മുൻപ് നമ്മുടെ ഉദ്യോഗസ്ഥൻമാർ അവിടെപ്പോയി പരിശോധിച്ചതിൽ നിന്നും മേക്കര ഡാമിൽ ജലവിതാനം 30 അടിയിൽ നിൽക്കുകയാണ് എന്ന് മനസ്സിലാക്കാൻ കഴിഞ്ഞു. ഈ തോതിലാണ് വെള്ളം കിട്ടുന്നതെങ്കിൽ അടുത്ത 10 വർഷം കൊണ്ടേ അതിന്റെ ഫുൾ റിസർവോയർ ലെവലിൽ വെള്ളം എത്തുകയുള്ളൂ. മേക്കരയിൽ ഇപ്പോൾ വരുന്നത്

LIBRARY ARCHIVES Kerala Legislative Assembly

മഴ പെയ്തു കിട്ടുന്ന വെള്ളമാണ്. അവരുടെ ആഗ്രഹം എന്ന് പറയുന്നത് നമ്മുടെ ഭൂമിയിൽ കൂടി ടണൽ അടിച്ച് അവിടേയ്ക്ക് വെള്ളം കൊണ്ടുവന്ന് മേക്കര ഡാം നിറയ്ക്കാം എന്നുള്ളതാണ്. ഭൂമിയിൽ കൂടി ടണലിന്റെ പണി നടക്കുമ്പോൾ തീർച്ചയായിട്ടും നമുക്ക് അറിയാൻ സാധിക്കും. വളരെ ഇന്റീരിയർ ഫോറസ്റ്റിലാണ് ഈ വർക്ക് നടക്കേണ്ടത്. എങ്കിൽ പോലും ഫോറസ്റ്റ് ഡിപ്പാർട്ടുമെന്റും ഇറിഗേഷൻ ഡിപ്പാർട്ടുമെന്റും സംയുക്തമായി അതിനെക്കുറിച്ച് അന്വേഷിക്കുവാൻ വേണ്ടി ഒരു വിജിലൻസ് സംവിധാനം ഏർപ്പെടുത്തുകയും വളരെ കാര്യക്ഷമമായിട്ടുതന്നെ ഇതിന്റെ പരിശോധന നടത്തുകയും ചെയ്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. അച്ചുതൻ : സർ, പറമ്പിക്കുളം-ആളിയാർ കരാർ അനുസരിച്ച് മേയ് 15-ാം തീയതി ചിറ്റൂർ പ്രദേശത്തേക്ക് കൃഷി ആവശ്യത്തിനുള്ള വെള്ളം വിട്ടു തരേണ്ടതാണ്. ഇന്നലെ വരെയും വെള്ളം ഒരു തുള്ളി പോലും നമുക്ക് വിട്ടുതന്നിട്ടില്ല. ഇവിടെ തമിഴ്നാടിൽ നിന്നും ആളിയാറിന് താഴെ ഒരു തടസ്സവും ഉണ്ടാക്കാൻ പാടില്ല എന്ന് കരാറിൽ പറയുന്നുണ്ടെങ്കിലും മണ്ണ് കൊണ്ട് ബണ്ട് കെട്ടി വെള്ളം കംപ്ലീറ്റായിട്ട് ചോർത്തിയെടുക്കുന്ന ഒരു നടപടിയാണ് ഈ അടുത്ത ദിവസം അവിടെ എനിക്ക് നേരിൽ കാണാൻ കഴിഞ്ഞത്. ചിറ്റൂർ പ്രദേശത്ത് ഇതുവരെ കുടിവെള്ളം കിട്ടിയിട്ടില്ല. ഒൻപത് ദിവസം പമ്പിംഗ് നിർത്തുന്ന ഒരു സാഹചര്യം ഉണ്ടായിട്ടുണ്ട്. നമുക്ക് ആ വെള്ളം കിട്ടയില്ലെങ്കിൽ ഇപ്പോൾ തമിഴ്നാടിന് വെള്ളം കൊടുക്കുന്നത് നിർത്തുന്ന കാര്യം ആലോചിക്കുമോ ? ശിരുവാണിയിൽനിന്നു വെള്ളം കൊടുക്കുന്നത് നിർത്തണമെന്ന് പറയുന്നില്ല. അത് കുടിവെള്ളത്തിനല്ല. കൃഷിക്കും മറ്റും കൊടുക്കുന്ന വെള്ളത്തിന്റെ കാര്യമാണ്. പറമ്പിക്കുളം നിൽക്കുന്നത് നമ്മുടെ സ്ഥലത്താണ്. അത് നമ്മുടെ വെള്ളമാണ്. തമിഴ്നാട്ടിൽ കൂടി പത്തുമുപ്പത് കി.മീ. വെള്ളം വന്നാലേ നമുക്ക് അത് കിട്ടുകയുള്ളൂ.

ശ്രീ. ടി .എം. ജേക്കബ് : സർ, പറമ്പിക്കുളം-ആളിയാർ സിസ്റ്റത്തിൽ മണക്കടവിലാണ് വെള്ളം നമുക്ക് അളന്ന് തരുന്നത്. മൂലമറ്റം റഗുലേറ്ററിൽ നിന്നാണ് റൈറ്റ്ബാങ്ക് കനാൽവഴിയും ലെഫ്റ്റ് ബാങ്ക് കനാൽവഴിയുമായിട്ട് നമ്മൽ ഇറിഗേഷൻ പർപ്പസ്സിനുവേണ്ടി വെള്ളം ഉപയോഗിക്കുന്നത്. ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞ ഭാഗത്തേക്ക് വെള്ളം പോകുന്നത് റൈറ്റ് ബാങ്ക് കനാലിൽ കൂടിയാണ്. അവിടെ ഇപ്പോൾ ഉണ്ടായിരിക്കുന്ന സാഹചര്യത്തെ സംബന്ധിച്ച് പ്രത്യേകമായിട്ട് പരിശോധിക്കാം. അവിടെ വെള്ളം കിട്ടാത്ത പ്രശ്നത്തെക്കുറിച്ച് ആലോചിക്കാം. അവിടെ വെള്ളം കിട്ടാത്തതുകൊണ്ട് എവിടേയ്ക്കെങ്കിലും വെള്ളം കൊടുക്കുന്നത് നിർത്താൻ പറ്റുമോ എന്നൊന്നും നമുക്ക് പറയാൻ കഴിയുന്ന കാര്യമല്ല.

ശ്രീ. ഇ. എം. അഗസ്തി : സർ, മുല്ലപ്പെരിയാർ ഡാം എന്റെ നിയോജകമണ്ഡലത്തിലാണ്. മുല്ലപ്പെരിയാർ ഡാം സുരക്ഷിതമല്ല എന്നാണ് കേരള ഗവൺമെൻറിന്റെ അഭിപ്രായം. പക്ഷേ, ഡാം സുരക്ഷിതമാണ് എന്ന അഭിപ്രായമാണ് കേന്ദ്ര ഗവൺമെന്റും അതുപോലെ തന്നെ കേന്ദ്ര വാട്ടർ കമ്മീഷനും പ്രകടിപ്പിച്ചിട്ടുള്ളത്. 106 വർഷം പഴക്കമുള്ള ഡാം ലോകത്തിൽ

ഒരിടത്തും ഇല്ല എന്നാണ് ഈ സഭയിൽ ബഹുമാനപ്പെട്ട മന്ത്രി അറിയിച്ചിട്ടുള്ളത്. ഡാമിന്റെ സുരക്ഷിതത്വത്തിന് എന്തെങ്കിലും കോട്ടം സംഭവിച്ചാൽ ഉണ്ടാകുന്ന ഭവിഷ്യത്തിന്റെ ഭയാനകമായ ചിത്രം ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് കഴിഞ്ഞ ദിവസം ഈ സഭയിൽ ചൂണ്ടിക്കാണിച്ചതാണ്. എന്റെ നിയോജകമണ്ഡലത്തിലെ പെരിയാർ റിവർ ബണ്ടിൽനിന്ന് 106 വർഷം മുൻപ് പുഴ തിരിച്ചു വിട്ടതാണ്. ആ റിവർ ബണ്ടിലാണ് വള്ളക്കടവ്, വണ്ടിപ്പെരിയാർ, കരിന്തിരി, ചപ്പാത്ത്, ഉപ്പുകര തുടങ്ങിയ ജനവാസ കേന്ദ്രങ്ങളൊക്കെ സ്ഥിതിചെയ്യുന്നത്. ഈ സഭ ചർച്ച ചെയ്യുമ്പോഴും പുഴയോരത്ത് താമസിക്കുന്ന ആളുകളുടെ ആശങ്ക വർദ്ധിക്കുകയാണ്. ഈ ഗുരുതരമായ സ്ഥിതിവിശേഷം കേരളത്തിലെ മൊത്തം ജല സമ്പത്തിന്റെ പ്രശ്നം മാത്രമല്ല, ഈ പുഴയോരത്ത് താമസിക്കുന്ന ജനങ്ങളുടെ ജീവന്റെ പ്രശ്നവുമാണ്. ജനങ്ങളുടെ സുരക്ഷിതത്വം ഉറപ്പു വരുത്താൻ എന്ത് നടപടിയാണ് ഗവൺമെൻറ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കാമോ ?

ശ്രീ. ടി. എം. ജേക്കബ് : സർ, ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതെല്ലാം ഓരോ വസ്തുതകളാണ്. പഴയ പെരിയാറിന്റെ കുറുകെയാണ് ഈ ഡാം കെട്ടിയിരിക്കുന്നത്. അതുകൊണ്ട് മുമ്പ് പെരിയാർ ഒഴുകിക്കൊണ്ടിരുന്ന പ്രദേശങ്ങളിൽ ആളുകൾ ഇപ്പോൾ താമസിക്കുകയാണ്. നദി ഒഴുകിക്കൊണ്ടിരുന്ന സ്ഥലത്തൊക്കെ ഇപ്പോൾ ജനം ഉണ്ട്. നമുക്ക് ചെയ്യാൻ കഴിയുന്നത് ഡാമിന്റെ സുരക്ഷിതത്വം ഉറപ്പു വരുത്തുക എന്നുള്ളതാണ്. അവിടെ നിന്നും അവരെ മാറ്റി അവരെ റീ-ഹാബിലിറ്റേറ്റ് ചെയ്യുക എന്നുള്ളത് ദുഷ്ക്കരമായ സംഗതിയാണ്, അതിനെക്കുറിച്ച് ഗവൺമെൻറ് ഇതുവരെ ആലോചിച്ചിട്ടില്ല. അവരുടെ സുരക്ഷിതത്വം ഉറപ്പാക്കത്തക്ക നിലയിൽ ഡാമിന് ഒന്നും സംഭവിക്കാതിരിക്കുന്നതിന് നടപടി സ്വീകരിക്കുക എന്നുള്ളതാണ് നമ്മൾ താൽപ്പര്യപൂർവ്വം നോക്കിക്കൊണ്ടിരിക്കുന്ന ഒരു സംഗതി.

സ്വയം തൊഴിൽ പദ്ധതികൾ

2 (*434) ശ്രീ. മത്തായി ചാക്കോ :
ശ്രീ. എ. കെ. ബാലൻ :
ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ :
ശ്രീ. ടി. പി. രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടികജാതിവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള സംസ്ഥാന പിന്നോക്കവിഭാഗ വികസന കോർപ്പറേഷൻ സ്വയം തൊഴിൽ കണ്ടെത്തുന്നതിന് ഇപ്പോൾ എന്തെല്ലാം പദ്ധതികളാണ് ആവിഷ്ക്കരിച്ച് നടപ്പിലാക്കി വരുന്നത് എന്നതിന്റെ വിശദാംശങ്ങളും അനുബന്ധ രേഖകളും ലഭ്യമാക്കുമോ ;

(ബി) ദേശീയ പിന്നോക്ക കമ്മീഷൻ സ്വയംതൊഴിൽ സംരംഭകർക്ക് നൽകുന്ന ലോണുകൾക്ക് വ്യവസ്ഥ ചെയ്തിട്ടുള്ള പലിശ നിരക്ക് എത്രയെന്ന് വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly